அயல்மொழிகள்

ಅಯಲೌಮ್ಿಕಳ್

అయల్ మొళీ

# അയൽമൊഴികൾ

ബഹുഭാഷാ കാവ്യസമാഹാരം

# അയൽമൊഴികൾ

ബഹുഭാഷാ കാവ്യസമാഹാരം

സമാഹരണം: അൻവർ അലി, പി പി രാമചന്ദ്രൻ

Multi Lingual Poetry Collection -Translated in the 'South IndianPoet to Poet Translation Workshop' conducted by the Department of Malayalam & Kerala Sahitya Academy in January 2017.
- A Carnival of Poetry Production

# അയൽമൊഴികൾ

ബഹുഭാഷാ കാവ്യസമാഹാരം

സമാഹരണം:
അൻവർ അലി
പി.പി. രാമചന്ദ്രൻ

2017 ജനവരിയിൽ
പട്ടാമ്പി കവിതാ കാർണിവലിനോടനുബന്ധിച്ച്
കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച
വിവർത്തനശില്പശാലയിൽനിന്ന്
തെരഞ്ഞെടുത്ത കവിതകൾ

Director: K. Sachidanandan
Coordinators: P.P. Ramachandran
Anvar Ali

ഇറയം
റിസർച്ച് ജേർണൽ

Volume 3 Issue 1

Re production for Irayam Research Journal
Published by the Department of Malayalam,
SNGS College, Pattambi.

അയൽമൊഴികൾ

# ആമുഖം

നാലു തെന്നിന്ത്യൻ ഭാഷാലിപികൾ തെളിയുന്ന ഒരപൂർവ്വ പുസ്തകമാണിത്. കവിതയാണ് ഇതിലെ പൊതുമൊഴി. ഇത്തരത്തിലൊന്ന് കേരളത്തിലെന്നല്ല, ഇന്ത്യയിൽ തന്നെ ഒരുപക്ഷേ, ആദ്യമായിരിക്കാം; അല്ലെങ്കിൽ അത്യപൂർവ്വമെങ്കിലുമാണ്. അതാണ് ഈ പുസ്തകത്തിന്റെ സാർത്ഥകതയും ചരിത്രപ്രാധാന്യവും.

പട്ടാമ്പി ഗവ. സംസ്കൃത കോളേജ് മലയാള വിഭാഗം സംഘടിപ്പിച്ച രണ്ടാമത് കവിതാ കാർണിവലിനോടനുബന്ധിച്ച്, കേരള സാഹിത്യ അക്കാദമിയുടെയും കവിതാ കാർണിവൽ ഡയറക്ടറേറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ 2017 ജനുവരി 25 മുതൽ 27 വരെ ഷൊർണ്ണൂരിലെ എസ്.എൻ. ഹെറിട്ടേജിൽ നടത്തിയ തെന്നിന്ത്യൻ കവിതാവിവർത്തന ശില്പശാലയിൽനിന്നാണ് ഈ 'അയൽ മൊഴികൾ' ജന്മമെടുത്തത്. പ്രമുഖ കവി സച്ചിദാനന്ദന്റെ നേതൃത്വത്തിൽ നടന്ന ശില്പശാലയിൽ തമിഴ്, കന്നഡ, തെലുഗ ഭാഷകളിൽനിന്ന് മൂന്നുപേർ വീതവും മലയാളത്തിൽ നിന്ന് ഒമ്പതുപേരും കവി-വിവർത്തകരായി പങ്കെടുത്തു. ഭാഷാവിനിമയവിദഗ്ദ്ധർ എന്ന നിലയിൽ ശ്രീ.എ.ജെ. തോമസ് (കവി, ആംഗലേയ വിവർത്തകൻ, ഇന്ത്യൻ ലിറ്ററേച്ചർ മാസികയുടെ ഗസ്റ്റ് എഡിറ്റർ), ശ്രീ.ബി. ശിവകുമാർ (ആന്ധ്ര ദ്രവീഡിയൻ സർവ്വകലാശാലയിലെ അദ്ധ്യാപകനും ബഹുഭാഷാപണ്ഡിതനും), ശ്രീ. തെർളി ആർ. ശേഖർ (കന്നഡ-മലയാളം വിവർത്തകൻ) എന്നിവരും ക്യാമ്പിന്റെ ഭാഗമായിരുന്നു. മൊഴിപ്പകർച്ചയിൽ പദങ്ങളുടെ അർത്ഥവിനിമയത്തോടൊപ്പം ശബ്ദസമാനതകളെക്കൂടി പരിഗണിക്കാൻ ശ്രമിച്ചു എന്നതാണ് കവികളുടെ ഈ മുഖാമുഖവിവർത്തന ശില്പശാലയെ വ്യത്യസ്തമാക്കിയത്.

സമകാലീനവും ആധുനികാനന്തരവുമായ ഭാവുകത്വപരിസരം

പങ്കിടുന്ന കവിതയുടെ ഏതാനും പ്രതിനിധികളെയാണ് ശില്പശാലയിലേക്ക് ക്ഷണിച്ചത്. ഒന്നിലേറെ ദ്രാവിഡമൊഴിയിൽ പ്രാവീണ്യമുള്ള ചിലരുണ്ടാവുക, ഒന്നിച്ചിരുന്നുള്ള മൊഴിമാറ്റരീതി ശീലിച്ചവരുടെയും യുവതലമുറയുടെയും സന്തുലിതമായ സാന്നിധ്യമുണ്ടാവുക, വ്യത്യസ്ത വീക്ഷണങ്ങൾക്കും ധാരകൾക്കും ഇടമുണ്ടാവുക എന്നിങ്ങനെ പ്രാതിനിധ്യത്തിന്റെയും പ്രായോഗികതയുടെയും വശങ്ങൾ ഇതിനായി ഞങ്ങൾ പരിഗണിച്ചു. പങ്കെടുത്തവരെല്ലാം ശില്പശാലയുടെ അന്തസത്ത ഉൾക്കൊണ്ടു കൊണ്ട് പ്രതീക്ഷിച്ചതിലുമേറെ കവിതകൾ വിവർത്തനം ചെയ്യാൻ തയ്യാറായി. തീർച്ചയായും, ഇതിൽ പങ്കെടുത്തവരോളമോ അതിലേറെയോ പ്രസക്തരായ കവികൾ ദ്രാവിഡഭാഷകളിൽ ഇനിയും ഉണ്ടെന്നറിയാം. പക്ഷേ ഒരു മൂദിനക്കൂട്ടായ്മയുടെ പല പരിമിതികൾക്കും പരിഗണനകൾക്കുമുള്ളിൽനിന്ന് ഇരുപതിലേറെ കവികളെ ഒന്നിച്ചിരുത്താൻ കഴിയുമായിരുന്നില്ല.

മൂന്നു ദിനരാത്രങ്ങൾ ബിംബപ്രതിബിംബങ്ങൾ പോലിരുന്ന് കവികൾ പരസ്പരം പകർത്തിയ 63 കവിതകളാണ് ഈ സമാഹാരത്തിലുള്ളത് (34 ഇതരഭാഷാ കവിതകളുടെ മലയാളമൊഴിയും 29 മലയാള കവിതകളുടെ തമിഴ്, കന്നഡ, തെലുഗു പാഠങ്ങളും). ഒരു പക്ഷേ, കൂടുതൽ അവധാനപൂർവ്വമുള്ള തെരഞ്ഞെടുപ്പും രാകിമിനുക്കലും സാധ്യമായിരുന്നെങ്കിൽ ഈ സമാഹാരം കൂടുതൽ ഈടുറ്റതാകുമായിരുന്നു; തെന്നിന്ത്യൻ ഭാഷകൾക്കിടയിലെ ശബ്ദാർത്ഥപരമായ സമാനതകൾ കൂടുതൽ സമ്മിതിയിൽ മൊഴി ചേർക്കപ്പെടുമായിരുന്നു. സമയക്കുറവിനു പുറമേ, പുതുമുറക്കാരുടെ പരിചയക്കുറവും ആദ്യസംരഭമെന്ന നിലയിലുള്ള അനിശ്ചിതത്വങ്ങളുമെല്ലാം ചേർന്ന് ഇതിലെ മൊഴിമാറ്റങ്ങളെ അപൂർണ്ണമാക്കുന്നുണ്ടാവാം. എങ്കിലും, നിരവധി നിലകളും അറകളും ഒഴിവിടങ്ങളും നിറഞ്ഞ എസ്.എൻ. ഹെറിട്ടേജിന്റെ ശാന്തതയിൽ മൂന്നുദിവസം കൊണ്ട് ഉരുവം കൊണ്ടത് ഒരു പുതു ദ്രാവിഡഗോത്രം. ആ ഗോത്രത്തിന്റെ ആദ്യാക്ഷരങ്ങൾ ഈ പുസ്തകത്തിലുണ്ട്.

കൂട്ടത്തിൽ ഇളയവനായ കെ.എം.പ്രമോദിന്റെ ‘കർക്കടം’ എന്ന കവിത ഇതര ദ്രാവിഡ ഭാഷകളിലേക്ക് പകർന്നപ്പോഴുണ്ടായ ഒരനുഭവം കൂടി സൂചിപ്പിക്കട്ടെ— കർക്കടപ്പെയ്ത്തുകാലത്തെ പല ജാതിത്തവളകളുടെ പലമട്ടു കരച്ചിലുകളിലൂടെയാണ് ആ കവിത ഭാഷപ്പെടുന്നത്; ദ്വിഭാഷിക്കോ ആംഗലീകരണത്തിനോ വഴങ്ങാത്ത ഒരുൾനാടൻ ശബ്ദനാടകത്തിലൂടെ. പക്ഷേ ‘കർക്കടം’ തമിഴ്-കന്നഡ-തെലുഗു ശബ്ദവിതാനത്തിലേക്ക് അനായാസം സഞ്ചരിച്ചു. രാത്രിയിൽ അവ എല്ലാവരും ഒന്നിച്ചിരുന്ന് ചൊല്ലി. മൺസൂണിലെ ആദ്യമഴയ്ക്കു ശേഷമുള്ള പാടത്ത് പലപാട്

രാനാദങ്ങൾ ഉയിരെടുക്കുമ്പോലെ തെന്മൊഴികൾ കലർന്നു. ശില്പശാലയുടെ ദ്രാവിഡചാരുത നിറഞ്ഞുതുളുമ്പിയ നിമിഷങ്ങളായിരുന്നു അത്.

പലഭാഷയിൽ എഴുതപ്പെടുമ്പോഴും ഇന്ത്യൻ സാഹിത്യം ഒന്നാണ് എന്ന നെഹ്റുവിയൻ ആദർശത്താൽ പ്രചോദിതമായി രൂപംകൊണ്ടവയാണ് നമ്മുടെ ദേശീയ സാഹിത്യത്തട്ടകങ്ങൾ പലതും. അവയുടെ നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെട്ടുതുടങ്ങിയ പുത്തൻ ദേശീയതാ നിർവചനങ്ങളുടെ കാലത്ത് കവിതയുടെ പുതിയ റിപ്പബ്ലിക് സ്വപ്നം കാണാൻ നാം ബാധ്യസ്ഥരാവുന്നു. ദ്രാവിഡകവിതയുടെ, ഇന്ത്യൻ കവിതയുടെ, ദക്ഷിണേഷ്യൻ കവിതയുടെ, ആ അതിരെഴാദേശത്തെ സ്വരാക്ഷരങ്ങളായി പരിണമിക്കട്ടെ ഈ എളിയ പരിശ്രമം.

ഇങ്ങനെ ഒരു ബഹുഭാഷാ കാവ്യസമാഹാരം സാദ്ധ്യമാക്കിയ വിവർത്തനശില്പശാല സംഘടിപ്പിച്ച പട്ടാമ്പി ഗവ.കോളേജ് മലയാളവിഭാഗത്തിനോടും നേതൃത്വം നല്കിയ കവി സച്ചിദാനന്ദനോടും സമാഹാരം പ്രസിദ്ധീകരിക്കാൻ സന്നദ്ധരായ കേരള സാഹിത്യ അക്കാദമിയോടും തെന്നിന്ത്യൻ ഭാഷാകവിത കടപ്പെട്ടിരിക്കുന്നു.

അൻവർ അലി

പി.പി. രാമചന്ദ്രൻ

# ഉള്ളടക്കം

കവിത വിവർത്തനം ചെയ്യുമ്പോൾ —സച്ചിദാനന്ദൻ 10
തമിഴ് കവിതകൾ
സുകുമാരൻ
പുഴപ്പേച്ച് 21
പ്രാർത്ഥന 22
തമ്പുരാനേ അങ്ങയുടെ ആജ്ഞ 23
വംശപുരാണം 25
വെള്ളത്താലവൾ 26
സുകിർത റാണി
ആരെങ്കിലും ചോദിച്ചാൽ 30
വിമോചനത്തിൻ പതാക 31
ഇരവുമൃഗം 33
ഇശൈ
ആത്മഹത്യക്ക് ഒരുങ്ങുന്നവൻ 36
ഒരുകോടി നൂറ്റെട്ടു ദുഃഖങ്ങൾ 37
നിനക്കു നീ തന്നെ 38
പിതാവേ 39
കന്നഡ കവിതകൾ
അബ്ദുൾറഷീദ്
ഒരു സ്വന്തം കവിത 45
നിന്റെ മെയ്യിന്റെ വാസന ഈ വിരിപ്പിൽ സുഗന്ധം പൂശട്ടെ 46
യാ, ബന്ദേ നവാസ് 47
മംത സാഗർ
കണ്ണുപൊത്തിക്കളി 53
വാക്കുകൾ 54
ഗാനം 54
ഈ വീട്ടിൽ 55

മഞ്ജുനാഥ വി.
കൽക്കരി വിൽക്കുന്ന പെണ്ണുങ്ങൾ 59
പ്രാർത്ഥിക്കാൻ കഴിയുന്ന ദൈവം 60
അപ്പന്റെ സൈക്കിൾ 61

വി.ആർ. കാർപെൻറർ
ഖഡ്ഗപുരാണം 65
അമ്മയുടെ സാരി 66
തെലുഗു കവിതകൾ
മന്ദാരപ്പ് ഹൈമവതി
വിലക്കപ്പെട്ട അക്ഷരം 74
ഞാൻ നീലക്കവിതകൾ എഴുതുന്നു 76
സർപ്പാലിംഗനം 78
പതിപാക മോഹൻ
റൊട്ടിസൂര്യൻ 83
നെയ്ത്തുകാരൻ 85
മരണം നിങ്ങളുടെ മനുഷ്യാവകാശമാണ് 87
മന്തിരി കൃഷ്ണമോഹൻ
രാത്രി 91
രണ്ടുപേർക്കിടയിൽ 93
എന്നും കവിത എഴുതേണ്ടതില്ല 94
മലയാളകവിതകൾ 97
എൻ.ജി. ഉണ്ണികൃഷ്ണൻ
കടലാസുവിദ്യ 100
കുഞ്ഞുങ്ങളുടെ പാർക്ക് 102
അനന്തം 104
വി.എം. ഗിരിജ 107
മീൻ 108
മധുര ബാംഗ്ലൂരിലോ യു.എസ്സിലോ ആണ് 111
പി. എൻ. ഗോപീകൃഷ്ണൻ 117
പായൽ 118

*അയൽമൊഴികൾ*

എന്റെ ജീവിതത്തിലെ ഏറ്റവും ആദ്യത്തെ സ്ത്രീ
ഏറ്റവും അവസാനത്തെ സ്ത്രീയോട് പറയുന്നത് 123
മനോജ് കുറൂർ 129
ലൊക്കേഷൻ 130
ഉത്തമപുരുഷൻ കഥപറയുമ്പോൾ 134
ഓപ്പിയം 137
എം. ആർ. രേണുകുമാർ 141
കാണുന്നുണ്ടനേകമക്ഷരങ്ങൾ 142
കറുത്ത മഴകൾ 145
തുടങ്ങിയവർ 156
സിന്ധു. കെ.വി. 161
യുറേക്കാ 162
ഒരേയൊരൊറ്റ 169
രക്ഷകൻ 172
ഉമാ രാജീവ് 173
വസന്തത്തെക്കുറിച്ച് എത്രനാൾ സംസാരിക്കാമെന്നാണ്? 174
ഇര 178
ഭൂപടം 180
നീന്തലറിയാവുന്നവന്റെ മുങ്ങിമരണം 184
സന്ധ്യ എൻ.പി. 187
ഞൊടിയിൽ 188
ഒരിക്കൽ മാത്രം 190
അമ്മിഞ്ഞ 193
കുളത്തിനടിയിലെ വെളിച്ചം 195
പത്താൾ 196
വിസർജിക്കാനായി മാത്രം 198
ആദ്യവായനക്കാരൻ 200
കെ. എം. പ്രമോദ് 203
കർക്കടം 204
ഭാഗ്യവാൻ 207
അടിയന്തരാവസ്ഥ നഷ്ടപ്പെടുത്തിയ എന്റെ ആറ് വർഷങ്ങൾ 211

*അയൽമൊഴികൾ*

# കവിത വിവർത്തനം ചെയ്യുമ്പോൾ

വർഷങ്ങൾക്കു മുമ്പ്, ഞാൻ നിരന്തരമായി കവിതകൾ പരിഭാഷ ചെയ്തു കൊണ്ടിരുന്ന ഒരു കാലത്ത്, കൃത്യമായി പറഞ്ഞാൽ 1977-ൽ, 'കവിതാവിവർത്തനം' എന്ന ഒരു കവിത എഴുതാനിടയായി. അത് ഇങ്ങനെയാണ്:

'കവിതാവിവർത്തനം
ഒരു കൂടുവിട്ടു കൂടുമാറ്റമാണ്
മത്സ്യം വെള്ളത്തിലൂടെ ഊളിയിടുന്നതു പോലെ
വിവർത്തകൻ മനസ്സുകളിലൂടെ ഊളിയിടുന്നു
ഓരോ വാക്കിന്റെയും തീരത്ത്
അവൻ തരിമണലിൽ കുനിഞ്ഞിരിക്കുന്നു
ഓരോ കക്കയുടെയും നിറം പഠിക്കുന്നു
ഓരോ ശംഖും ഊതിനോക്കുന്നു

കവിതാവിവർത്തനം വിക്രമാദിത്യൻകഥയിലെ
അമ്പരപ്പിക്കുന്ന തല മാറ്റിവെക്കലാണ്
വിവർത്തകൻ തന്റെ ഉടലിൽ
മറ്റൊരു കവിയുടെ ശിരസ്സ് താങ്ങി നിർത്തുന്നു

ഓരോ വരിയും ഓരോ വഴിയാണ്
ദുഃഖവും യുദ്ധവും മടുപ്പും കൊണ്ട്
കീറിപ്പറിഞ്ഞ ഒരു വഴി

അനശ്വരരായ മനുഷ്യരും ദൈവങ്ങളും മരങ്ങളും വിഹരിക്കുന്ന
സംഗീതാത്മകമായ ഒരു പിൻ വഴി.

ഒരു വരി അവസാനിക്കുന്നിടത്ത്
ഒരഗാധത പൊട്ടിത്തുറക്കുന്നു
അവിടെ മരിച്ചവരുടെ ആത്മാക്കൾ
ദാഹം തീർക്കാനെത്തുന്നു
വിശുദ്ധമായ ഈ വഴിയേ പോരുന്നവർ
ചെരിപ്പും ഉടുപ്പും അഴിച്ചു വെയ്ക്കണം
അടിവാരത്തെ കാറ്റുകളെപ്പോലെ
നഗ്നരായി നൂണുപോകണം

ഒരു ദിവസം ഞാൻ എന്റെ കവിത
എന്റെ തന്നെ ഭാഷയിലേക്കു
വിവർത്തനം ചെയ്യുന്നതായി സ്വപ്നം കണ്ടു

നാമേവരും ഓരോ കവിതയും
നമ്മുടെ ഭാഷയിലേക്കു വിവർത്തനം ചെയ്യുന്നു.
പിന്നെ നാം അർത്ഥത്തെച്ചൊല്ലി വഴക്കിടുന്നു.

എനിക്കു തോന്നുന്നു
ബാബേൽ ഒരിക്കലും പണി തീരുകയില്ല'

ഈ കവിത കവിതാവിവർത്തനത്തിന്റെ വെല്ലുവിളികളിൽ ആരംഭിച്ച് അതിന്റെ അസാധ്യതയോടുക്കുന്ന ദുസ്സാധ്യത സൂചിപ്പിച്ചാണ് അവസാനിക്കുന്നത്. അവസാനത്തെവരി ഒരു അതിശയോക്തി ആണെന്നു വേണമെങ്കിൽ പറയാം. അത്രയേറെ കവിതകൾ വിവർത്തന വിധേയമായിട്ടുണ്ട്. നാം മറ്റു ഇന്ത്യൻ ഭാഷകളിലെയും വിദേശഭാഷകളിലെയും കവിതകൾ വായിച്ചിട്ടുള്ളത് നമുക്കറിയാവുന്ന ഭാഷകളിലുള്ള അവയുടെ വിവർത്തനം വായിച്ചിട്ടാണല്ലോ. ബാബേലിനെ ഒരു രൂപകമായി എടുക്കുകയാണ് വേണ്ടത്: എല്ലാ വിവർത്തകരും ചേർന്ന് സൂര്യനിലേക്കുള്ള ഒരു ഗോപുരം പണിയുകയാണ്; കവിത എന്ന അനിർവചനീയമായ ചൈതന്യത്തിലേക്ക്, ഊർജ്ജപ്രഭവത്തിലേക്ക്, ഒരു ഗോപുരം. അത് ഒരിക്കലും പണി തീരുകയില്ലായിരിക്കാം; എന്നാൽ ഓരോ വിവർത്തനവും അതിന്റെ ഒരു ശിലയാണ്. വാൾട്ടർ ബെന്യാമിൻ, എല്ലാ വിവർത്തനവും മനുഷ്യന് എന്നോ നഷ്ടപ്പെട്ടിരിക്കാവുന്ന ഒരു പൊതുഭാഷയെ

ലക്ഷ്യമാക്കുന്നു എന്ന് പറയുമ്പോൾ അതാകാം ഉദ്ദേശിക്കുന്നത്. ഭാഷയുടെ വിപിനത്തിലേക്ക് നാം കൂക്കുമ്പോൾ കിട്ടുന്ന മറുവിളിയാണ് വിവർത്തനം എന്നും അദ്ദേഹം ആ മർമ്മസ്പർശിയായ ലേഖനത്തിൽ ('ദി ടാസ്ക് ഓഫ് ദി ട്രാൻസ്ലേറ്റർ': ഇല്ല്യൂമിനേഷൻസ്) പറയുന്നുണ്ട്. ഓരോ കവിതാപരിഭാഷയും മൂലത്തിന്റെ ഒരു പ്രതിധ്വനി ആണെന്നർത്ഥം. അതിനു മൂലത്തിനുപകരം നില്ക്കാൻ കഴിയില്ല, അത് അതിന്റെ ഉദ്ദേശ്യം പോലുമല്ല. തന്റെ ഭാഷയിൽ ഒരു മറുഭാഷാകവിതയെ പുനർഭാവന ചെയ്യുകയാണ് വിവർത്തകൻ; അതിലൂടെ ഒരു സംസ്കാരത്തിന് മറ്റൊരു ഭാഷ അന്വേഷിക്കുകയും, രണ്ടു ഭാഷാസംസ്കൃതികൾക്കിടയിൽ ഒരു പാലം പണിയുകയും. വേറൊരു തരത്തിൽ ആലോചിച്ചാൽ, ഗായത്രി സ്പിവാക് പറയും പോലെ, മൂലത്തിന്റെ ഒരു സൂക്ഷ്മപാരായണമാണ് വിവർത്തക/ൻ നടത്തുന്നത്. വിവർത്തനത്തെ മൂലത്തിന്റെ അനുകരണമായും, മൂലത്തെ ജീവനോടെ ആഹരിക്കുന്ന പ്രവൃത്തിയായുമൊക്കെ—ഒരുതരം നരഭോജനം—സൈദ്ധാന്തികർ വിശേഷിപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞ രണ്ടുനൂറ്റാണ്ടുകളിൽ വികസിച്ചിട്ടുള്ള വിവർത്തനസിദ്ധാന്തങ്ങളിൽ ഏറിയപങ്കും ഗദ്യവിവർത്തനത്തിന്റെ സ്വഭാവങ്ങളെയും സമസ്യകളെയും സമീപനങ്ങളെയുമാണ് സംബോധന ചെയ്തിട്ടുള്ളത്. എന്നു തന്നെയല്ല, അവയുടെ ഒരു ദീർഘകാലപഠിതാവും അധ്യാപകനും എന്ന നിലയ്ക്ക് എനിക്കു ബോദ്ധ്യമായിട്ടുള്ള കാര്യം അവയെല്ലാം തന്നെ വിവർത്തനത്തിന്റെ പ്രക്രിയയെ മനസ്സിലാക്കാനുള്ള ശ്രമങ്ങളാണെന്നും, വിവർത്തക/ൻ അഭിമുഖീകരിക്കുന്ന സജീവപ്രശ്നങ്ങളെക്കാൾ ചെയ്യപ്പെട്ട വിവർത്തനത്തിൽ ഉൾപ്പെട്ട കൈമാറ്റങ്ങളുടെ ഭാഷാപരവും സാംസ്കാരികവും രാഷ്ട്രീയവുമായ വിവക്ഷകൾ അറിയാനാണ് അവ സഹായിക്കുന്നതെന്നുമാണ്. വിവർത്തനം ചെയ്യാൻ കൃതിയുടെ മുമ്പിലിരിക്കുന്നആളെ അവയൊന്നും ഏറെ സഹായിക്കില്ല. അങ്ങനെ ഒരു ലക്ഷ്യവും വിവർത്തനസിദ്ധാന്തങ്ങൾക്കില്ല. എന്നെ വിവർത്തനത്തിൽ സഹായിച്ചിട്ടുള്ളത് സ്വാനുഭവത്തിൽ നിന്ന് മനസ്സിലാക്കിയ ചില കാര്യങ്ങളാണ്. കവിതയുടെ സവിശേഷ സന്ദർഭത്തിൽ അവയെ ഇങ്ങിനെ സംഗ്രഹിക്കാം:

പലപ്പോഴും കവിതയുടെ വൈശിഷ്ട്യങ്ങളായി സഹൃദയൻ തിരിച്ചറിയുന്ന പ്രത്യേകതകൾ തന്നെയാണ് വിവർത്തനത്തിൽ ഏറ്റവും വലിയ പ്രതിബന്ധങ്ങളായി വിവർത്തകന് അനുഭവപ്പെടുന്നത്. ഛന്ദസ്സിന്റെ വിനിയോഗമാണ് ഒന്ന്. ദ്രാവിഡമാകട്ടെ, സംസ്കൃതമാകട്ടെ, വൃത്തങ്ങൾ മിക്കവയും എല്ലാ ഭാഷകളിലും ഒരേപടി നിലനില്ക്കുന്നില്ല. പാശ്ചാത്യവൃത്തരീതികൾതന്നെ വ്യത്യസ്തങ്ങളാണ്. ഒന്നുകിൽ വൃത്തം ഉപേക്ഷിക്കുക, അല്ലെങ്കിൽ ലക്ഷ്യഭാഷയിലെ ഏതെങ്കിലും വൃത്തരീതി

ഉപയോഗിക്കാനായി കവിതയെ മാറ്റിയെഴുതുക (വൈലോപ്പിള്ളി തന്റെ കവിതകളുടെ ഇംഗ്ലീഷ് വിവർത്തനങ്ങളിൽ ചെയ്തിട്ടുള്ള പോലെ)– ഇവ മാത്രമാണ് ഇവിടെയുള്ള വഴികൾ.വൃത്തം ദീക്ഷിക്കാത്ത കവിതകളെ സംബന്ധിച്ചിടത്തോളം ഇത് കവിതയുടെ സ്വരം, അഥവാ 'ടോൺ' ആകുന്നു. ഒരു ഭാഷയിലെ 'ടോൺ'–അത് പരിഹാസത്തിന്റേതാകാം, അധ്യാപനത്തിന്റേതാകാം, മ്ലാനതയുടേതാകാം, ആഹ്ലാദത്തിന്റേതാകാം, ധ്യാനത്തിന്റേതാകാം, പഴയ കാലത്തെ ഏതെങ്കിലും ശൈലിയെ ബോധപൂർവ്വം ഓർമ്മിപ്പിക്കുന്നതാകാം–അതേപടി മറ്റൊരു ഭാഷയിൽ പുനഃസൃഷ്ടിക്കുക എളുപ്പമല്ല. അയ്യപ്പപ്പണിക്കരുടെ 'ഇവിടെ ജീവിത' ത്തിന്റെ പഠനത്തിൽ ഞാൻ ഇത് ഉദാഹരിച്ചിട്ടുണ്ട്.

മറ്റൊന്ന് ഭാഷാവിതാനങ്ങളുടേതാണ് (ഇംഗ്ലീഷിൽ 'രെജിസ്റ്റേഴ്സ്'). ചിലപ്പോൾ–വൈലോപ്പിള്ളിയുടെ 'കുടിയൊഴിക്കലി'ൽ അഥവാ അയ്യപ്പപ്പണിക്കരുടെ 'കുരുക്ഷേത്രം', 'പകലുകൾ രാത്രികൾ' തുടങ്ങിയ രചനകളിൽ എന്ന പോലെ–ഒരൊറ്റ കവിതയിൽത്തന്നെ പല ഭാഷാവിതാനങ്ങൾ ഉണ്ടെന്നുവരാം. ചിലപ്പോൾ പല കവിതകൾ പല വിതാനങ്ങൾ ഉപയോഗിച്ചെന്നുവരാം. വൈലോപ്പിള്ളിതന്നെ എടുക്കുക:

'തള്ളിയേറുമെൻ കാതി, ലൊരുറ-

കള്ളു നാറും തെറിയുടെ പൂരം'(കുടിയൊഴിക്കൽ) എന്ന പരുക്കൻ നാടൻ ഭാഷ,

'പണി മുടക്കിയുടമതൻ

പടി മുടക്കി നിന്നുപോൽ

പഴയ കൂലി കൂട്ടുകെന്നു

തൊഴിലെടുക്കുമാളുകൾ' (മാനഭംഗം) എന്ന ചൊടിയുള്ള മുദ്രാവാക്യഭാഷ,

'ഓണത്തല്ലുണ്ടുപോൽ കുന്നംകുളങ്ങരെ-

യാണത്തമുള്ളോരു തല്ലാണേ

പ്രീണിച്ചു കേരളനാട്ടിലെ തമ്പ്രാക്കൾ

മാനിച്ചു പോന്നൊരു മല്ലാണേ' (ഓണത്തല്ല്) എന്ന നാടോടിക്കാവ്യഭാഷ,

'പറയാമിനി വന്ന കാരിയം, താങ്കൾക്കൊരു

ചെറുതാം സമ്മാനം ഞാൻ കൊണ്ടുവെച്ചിരിക്കുന്നു (കിളിയും മനുഷ്യനും) എന്ന ഗദ്യത്തോട് തൊട്ടു നില്ക്കുന്ന ശൈലി,

'ചീട്ടു തരുന്നൊരു ചങ്ങാതീ, കൊല-

ച്ചീട്ടു തരൊല്ലേ ചങ്ങാതീ' (ചേറ്റുപുഴ) എന്ന സംഭാഷണ ഭാഷ,

'വീണ്ടുമാരോഗ്യം വിളംബരം ചെയ്യൊളി-
പൂണ്ട മിഴിയും തുടുത്ത കവിളുമായ്
വിശ്വസമൃദ്ധിതൻ പാടത്തു കൊയ്യട്ടെ
സൽസഖിമാരുമായ് സ്വൈരമായ് ഭാരതം' (വിരുന്നുകാരൻ ) എന്ന ഉദാത്തഭാഷ,

'എവിടെ നൃത്തലോലകൾ
വിവിധപുഷ്പബാലകൾ
എവിടെയെവിടെ വേനലിൻ
കവികൾ കോകിലാദികൾ? (മഴത്തുള്ളികൾ) എന്ന ഗാനശൈലി—ഇവ ഉൾപ്പെടെ എത്രയെത്ര തലങ്ങളാണ് അദ്ദേഹം ഉപയോഗിക്കുന്നത്! ഇത് ആശാനിലും ('വീണപൂവും' 'ദുരവസ്ഥ' യും 'കരുണ'യും ആദ്യകാല ശ്ലോകങ്ങളും കുട്ടിക്കവിതകളും ഒന്നു താരതമ്യം ചെയ്യുക) ഇടശ്ശേരിയിലും (ഉദാ: പൂതപ്പാട്ട്, പെങ്ങൾ, പുളിമാവുവെട്ടി, പ്രണാമം, പുത്തൻകലവും അരിവാളും, കാവിലെപ്പാട്ട്) അയ്യപ്പപ്പണിക്കരിലും (ഉദാ: മൃത്യുപൂജ, ഉത്സവം, ഞങ്ങൾ മറിയമാർ, ഹ്യൂഗ്ലി, കുട്ടനാടൻ ദൃശ്യങ്ങൾ, പത്തുമണിപ്പൂക്കൾ) മറ്റും കാണാം. ഉയർന്നതും താഴ്ന്നതുമായ 'രജിസ്റ്ററു'കൾ വിനയചന്ദ്രനിൽ കാണാം (ഉദാ: അഞ്ചിതൾ വിനായകം, കുന്തച്ചേച്ചി). ഉയർന്ന രജിസ്റ്ററിന്റെതന്നെ പല ഉപയോഗങ്ങൾ ബാലചന്ദ്രന്റെ കവിതയിലുണ്ട്. മനോജ് കുറൂർ, അൻവർ അലി, പി.പി. രാമചന്ദ്രൻ, അനിതാ തമ്പി, പി. രാമൻ തുടങ്ങി പിന്നീടു വന്ന കവികൾ ഇത്തരം സാധ്യതകളെല്ലാം പലരീതിയിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. മൂലഭാഷയെയും ലക്ഷ്യഭാഷയെയും കുറിച്ച് സൂക്ഷ്മബോധമുള്ളവർക്കേ ഈ തലങ്ങൾ പരിഭാഷയിൽ കൊണ്ടുവരാനാവൂ. കവിതയുടെ ദൌർഭാഗ്യം കൊണ്ടോ പരിഭാഷയുടെ ഭാഗ്യം കൊണ്ടോ എന്നറിയില്ല, ഏറ്റവും പുതിയ കവികളിൽ ഇത്തരം സൂക്ഷ്മഭാഷാബോധങ്ങൾ ഏറെയൊന്നും പ്രവർത്തിക്കുന്നില്ല. അത് വിവർത്തനം കുറേ എളുപ്പമാക്കിയിട്ടുണ്ട്. അതിൽ സന്തോഷിക്കേണ്ടവർക്കു സന്തോഷിക്കാം.

സംസ്കാരം തർജ്ജുമ ചെയ്യുന്നത് ഇതിനേക്കാൾ പ്രയാസമാണ്.

'പുളിയിലനേർക്കര മുണ്ടു മടക്കി-
പ്പൂവു നിറച്ചാളമ്മാളു',
'പുടമുറിയാഘോഷിച്ചാങ്ങളമാരവർ
പൂകീ നാത്തുൻ വീടുകളിൽ' ('പെണ്ണും പുലിയും': വൈലോപ്പിള്ളി) എന്ന വരികളുടെ മുൻപിൽ ഒരുവിധം പരിഭാഷകർ മുട്ടുമടക്കും. ഇവിടെ വാക്കുകളേക്കാൾ സന്ദർഭം തന്നെയാണ് പ്രശ്നം. നാട്ടിൻപുറങ്ങളുമായി

ബന്ധപ്പെട്ട കാഴ്ചകൾ, ഗന്ധങ്ങൾ, ശബ്ദങ്ങൾ, സ്മൃതികൾ, സസ്യ-ജന്തു ജാലങ്ങൾ, മിത്തുകൾ, ഐതിഹ്യങ്ങൾ, വിശ്വാസങ്ങൾ

(‘ഉണ്ണി നീ ദ്രോഹിക്കരു,തമ്മ ചൊല്ലിനാൾ, ചിറ്റൂ-
രപ്പനാട്ടുവാനെണ്ണ കൊണ്ട് പോം പുഴവല്ലോ’
—‘എണ്ണപ്പുഴക്കൾ’, വൈലോപ്പിള്ളി) ഇവയെല്ലാം കവിതയ്ക്ക് വെളിച്ചവും പരിഭാഷയ്ക്ക് ഇരുട്ടും ആകാം.

ഇവ കൂടാതെ പൊതുസമസ്യകളുണ്ട്. അനുഭവത്തിൽനിന്നു ഞാൻ പഠിച്ച ഒരു കാര്യം ഭാഷകൾതമ്മിൽ എത്രമാത്രം കുടുംബബന്ധമുണ്ടോ, അത്രത്തോളം പരിഭാഷ വിശ്വസ്തമാകാനുള്ള സാധ്യത കൂടുതലാണെന്നാണ്. മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, മറാത്തി തുടങ്ങിയ ദ്രാവിഡവ്യാകരണവും, ലിംഗ-വചനരൂപങ്ങളും പ്രത്യയങ്ങളും വാക്യഘടനകളും പിന്തുടരുന്ന ഭാഷകൾ തമ്മിൽ പരിഭാഷ കൂടുതൽ എളുപ്പമാണ്. ഹിന്ദി, ബംഗാളി തുടങ്ങിയ ഇൻഡോ-ആര്യൻ ഭാഷകൾ, ഇംഗ്ലീഷ്, ഫ്രഞ്ച്, ഇറ്റാലിയൻ, സ്പാനിഷ് തുടങ്ങിയ ഇൻഡോ–യൂറോപ്യൻ ഭാഷകൾ ഇങ്ങിനെയിങ്ങിനെ ഗോത്രങ്ങൾ അകലുംതോറും വാക്യഘടനയുടെയും ലിംഗത്തിന്റെയും മറ്റും പുതിയ സമസ്യകൾ ഉടലെടുക്കുന്നു. മൂന്നു ലിംഗങ്ങൾ ഉള്ള, കർത്താവനുസരിച്ചു ക്രിയയ്ക്ക് മാറ്റം വരാത്ത, മലയാളത്തിൽനിന്ന്, രണ്ടുലിംഗങ്ങൾ മാത്രമുള്ള, കർത്താവിന്റെ ലിംഗവും വചനവും അനുസരിച്ച് ക്രിയാരൂപം മാറുന്ന, ഹിന്ദിയിലേക്ക് തർജ്ജമ ചെയ്യുന്നതിന്റെ, അഥവാ മറിച്ചുചെയ്യുന്നതിന്റെ, പ്രശ്നങ്ങൾ ഞാൻ നേരിട്ടനുഭവിച്ചിട്ടുണ്ട്. കർത്താവ്, കർമ്മം, ക്രിയ എന്ന ക്രമം പിന്തുടരുന്ന ഇന്ത്യൻ ഭാഷകളിൽനിന്ന് കർത്താവ്, ക്രിയ , കർമ്മം എന്ന ക്രമം പിന്തുടരുന്ന യൂറോപ്യൻ ഭാഷകളിലേക്കുള്ള തർജ്ജമ വീണ്ടും സങ്കീർണ്ണമാകുന്നു. സമസ്തപദങ്ങൾ, കർത്താവ് വാക്യത്തിൽ ഇല്ലാതെ വരുന്നതോ, കുറേകഴിഞ്ഞുമാത്രം വരുന്നതോ ആയ സന്ദർഭങ്ങൾ, വിശേഷണങ്ങളുടെ പെരുക്കം, വികാരത്തിന്റെ തോത്, ബന്ധസൂചകമായ സംജ്ഞകൾ ഇങ്ങിനെ പലയിടങ്ങളിലും ശ്രദ്ധ ആവശ്യമായി വരാം.

ഈ സമാഹാരത്തിന്റെ വിവർത്തനാനുകൂലമായ ഒരു സവിശേഷത, ഇതിൽ നാലു തെന്നിന്ത്യൻ ഭാഷകളാണ് കൈമാറ്റത്തിൽ ഏർപ്പെടുന്നത് എന്നതാണ്. കവിതാ വിവർത്തനത്തിന്റെ സ്വാഭാവികപ്രയാസങ്ങൾ കുറേയെങ്കിലും തരണം ചെയ്യാൻ ഈ വംശബന്ധം സഹായകമാകുന്നുണ്ട്. മറ്റൊരു അനുകൂലസാഹചര്യം ഇവിടെ വിവർത്തകരെല്ലാം കവികൾതന്നെയാണെന്നതാണ്: അതായത് എഴുതപ്പെട്ട ഭാഷ ഏതായാലും കവിതയുടെ പൊതുഭാഷ മനസ്സിലാകുന്നവർ. മൂന്നാമത്

ഇവരെല്ലാംതന്നെ സ്വന്തം ഭാഷകളിൽ ആധുനികവും ആധുനികതാനന്തരവുമായ കവിതയുടെകൂടെ നടന്നവരും, അതിന്റെ ഭാഷാശൈലികളും സങ്കേതങ്ങളും രചനാതന്ത്രങ്ങളും വായിച്ചും പ്രയോഗിച്ചും പരിചയിച്ചവരുമാണ്. അത് ഇവർക്ക് ഒരു പൊതുഭാവുകത്വം നല്കുന്നുണ്ട്. നാലാമത്, ദൂരെ ഇരുന്നുകൊണ്ട്, മൂലകവിയെ അറിയാതെയോ, കേട്ടും വായിച്ചും മാത്രം അറിഞ്ഞോ, നടത്തുന്ന പരിഭാഷയല്ലാ ഇവിടെ നടക്കുന്നത്; കവിയും പരിഭാഷകനും ഒന്നിച്ചു താമസിച്ചുകൊണ്ട് പരസ്പരം സംശയങ്ങൾ ചോദിച്ചും ആശയങ്ങൾ കൈമാറിയും നടത്തുന്ന ഒന്നാണ്. പോരാത്തതിന് തെന്നിന്ത്യൻ ഭാഷകൾ നന്നായറിയാവുന്ന വിദഗ്ധരും സഹായത്തിനുണ്ടായിരുന്നു. അഞ്ചാമത്, ഏതെങ്കിലും മൂന്നാം ഭാഷയെ ബന്ധഭാഷയായി ഉപയോഗിച്ചുകൊണ്ടല്ലാ, മറിച്ച് നേരിട്ടു ഭാഷകളെ മുഖാമുഖം നിർത്തിയാണ് ശില്പശാലയിൽ പങ്കെടുത്തവർ ഈ പരിഭാഷകൾ നടത്തിയത്.

ഈ കാരണങ്ങൾകൊണ്ടുതന്നെ പട്ടാമ്പിയിൽ 2017-ലെ കവിതക്കാർണിവലിന്റെ മുന്നോടിയായിനടന്ന ഈ ശില്പശാല, ഏതു വിവർത്തനശില്പശാലക്കും ഉത്തമമാതൃകയാണെന്ന് ഞാൻ കരുതുന്നു. ഒപ്പം തന്നെ അതിന്റെ ഈ ഉത്പന്നങ്ങൾ തെന്നിന്ത്യൻഭാഷകൾ തമ്മിൽ ചില വാഗ്പാലങ്ങൾ പണിയുവാനും, അവയിലെ കവിതകളുടെ ചില രീതികളും സമീപനങ്ങളുമെങ്കിലും മനസ്സിലാക്കി താരതമ്യം ചെയ്യാൻ സഹൃദയരെ പ്രാപ്തരാക്കാനും സഹായിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. എല്ലാറ്റിലുമുപരി മലയാളസഹൃദയർക്ക് ഒരു നവീനസൌന്ദര്യാനുഭവമായി ഈ സമാഹാരത്തിലെ കവിതകൾ അനുഭവപ്പെടുമെന്നു ഞാൻ കരുതുന്നു.

സച്ചിദാനന്ദൻ

*(ശില്പശാലാ ഡയറക്ടർ)*



തമിഴ് കവിതകൾ



# സുകുമാരൻ

ജനനം 1957-ൽ. സ്വദേശം കോയമ്പത്തൂർ. കോടൈക്കാലൈക്കുറിപ്പുകൾ, പയണിയിൻ സംഗീതങ്ങൾ, ശിലൈകളിൻ കാലം, വാഴ്നിലം, ഭൂമിയെ വാസിക്കും ചെറുമി, നീരുക്കു കതകുകൾ ഇല്ലൈ എന്നിവ പ്രധാനകൃതികൾ. ഇയൽവിരുത് എന്ന കനേഡിയൻ തമിഴ് പുരസ്കാരം ലഭിച്ചു. തമിഴിലേക്കു 11 മലയാളപുസ്തകങ്ങൾ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. തമിഴിലെ മുഖ്യ സാഹിത്യപ്രസിദ്ധീകരണമായ 'കാലൈച്ചുവടി'ന്റെ പത്രാധിപരാണ്.

# நதிப் பேச்சு

கரையிலமர்ந்து
ஓடும் ஆற்றைப் பார்த்துக்கொண்டிருந்தாள்
அவளுடன் பேசிக்கொண்டிருந்தது ஆறு.

ஆற்றில்
எல்லாம் ஓடிக்கொண்டிருந்தன
காற்று ஓடிக்கொண்டிருந்தது
மரங்கள் ஓடிக்கொண்டிருந்தன
பறவைகள் ஓடிக்கொண்டிருந்தன
மேகங்கள் ஓடிக்கொண்டிருந்தன
சூரியன் ஓடிக்கொண்டிருந்தது.

தெருக்கள் ஓடிக்கொண்டிருந்தன
வீடுகள் ஓடிக்கொண்டிருந்தன
அவளும் ஓடிக்கொண்டிருந்தாள்.

அவள் ஓடிக்கொண்டிருந்தபோது
காற்றும்
மரங்களும்
பறவைகளும்
மேகங்களும்
சூரியனும்
ஓடாமல் நின்றன.

அவள் வீடு திரும்பியபோது
ஓடாமலிருந்தது ஆறு
ஓடிக்கொண்டிருக்கிறாள் அவள் மட்டும்
ஆற்றுடன் பேசிக்கொண்டே.

# പുഴപ്പേച്ച്

കരയിലിരുന്ന്
ഓട്ടുംപുഴയെ നോക്കിക്കൊണ്ടിരുന്നു,
അവൾ.
അവളോടു മിണ്ടിക്കൊണ്ടിരുന്നു, ആറ്
ആറ്റിൽ എല്ലാം ഓടിയൊഴുകിക്കൊണ്ടിരുന്നു.
കാറ്റ് ഓടിക്കൊണ്ടിരുന്നു,
മരങ്ങൾ ഓടിക്കൊണ്ടിരുന്നു,
തെരുവുകൾ ഓടിക്കൊണ്ടിരുന്നു,
വീടുകൾ ഓടിക്കൊണ്ടിരുന്നു,
അവളും ഓടിക്കൊണ്ടിരുന്നു.
അവൾ ഓടിക്കൊണ്ടിരുന്നപ്പോൾ
കാറ്റും മരങ്ങളും പക്ഷികളും
മേഘങ്ങളും സൂര്യനും
ഓടാതിരുന്നു.
അവൾ വീടെത്തിയപ്പോൾ
ഓടാതിരുന്നത് ആറ്.
ഓടിക്കൊണ്ടിരിക്കുന്ന അവൾ മാത്രം
ആറിനോടു പേശിക്കൊണ്ട്.

*(മൊഴിമാറ്റം വി.എം. ഗിരിജ)*

# பிரார்த்தனை

வானுயர நின்று வெளியைத் தழுவி விரிந்த
தேவமைந்தனின் கைகளின் நிழலில்
உபதேசியார் பிரசங்கிக்கிறார்:

'கடவுள் வீட்டை
நாம் கட்டுவோம்'

விசுவாசிகள் ஒப்புதல் செய்கிறார்கள்
'ஆமென்'

தேவமைந்தனின் அங்கிநிழலில் ஒண்டி
உபதேசியார் பிரசங்கிக்கிறார்:

'நம் வீட்டைக்
கடவுள் கட்டுவார்'

விசுவாசிகள் ஒப்புதல் செய்கிறார்கள்
'ஆமென்'

கூட்டத்தில் ஒளிந்திருந்த சாத்தான் கேட்கிறான்:
'உபதேசியாரா? கடவுளா?
வீட்டுக்கடனை யார் கட்டுவார்?'

விசுவாசிகள் ஒப்புதல் செய்கிறார்கள்
'ஆமென்'.

# പ്രാർത്ഥന

വാല്യയരെപ്പൊങ്ങി, അന്തരീക്ഷം തഴുകി നിവരുന്ന
ദൈവപുത്രന്റെ കൈകളുടെ നിഴലിൽ
ഉപദേശിയുടെ പ്രസംഗം:
'ദൈവസൗധം നാം നിർമ്മിക്കും'
വിശ്വാസികൾ ഒരുമിച്ച് 'ആമേൻ.'
ദൈവപുത്രന്റെ തിരുവസ്ത്രത്തിൽ പറ്റി
ഉപദേശിയുടെ പ്രസംഗം:
'നമ്മുടെ വീട് ദൈവം കെട്ടും'
വിശ്വാസികൾ ഒരുമിച്ച് 'ആമേൻ.'
തിരക്കിൽ പതുങ്ങി സാത്താൻ ചോദിക്കുന്നു
'ഉപദേശിയോ ദൈവമോ
ഭവനനിർമ്മാണവായ്പ ആരടയ്ക്കും?'
വിശ്വാസികൾ ഒരുമിച്ച് 'ആമേൻ.'

*(മൊഴിമാറ്റം വി.എം. ഗിരിജ)*

# பெருந்தகையே, உமது ஆக்ஞை!

உமது உத்தரவுப்படியே
எல்லாம் நிறைவேற்றியானது பிரபோ,

நாவை அறுத்தோம்
மொழி மறைந்தது
பாதங்களைத் துண்டித்தோம்
நிலம் தொலைந்தது
விழிகளைப் பறித்தோம்
ஆகாயம் காணாமலானது
குறிகளை வெட்டினோம்
யோனிகளைக் குதறினோம்
தலைமுறை ஒழிந்தது.

பேரழிவிலிருந்தும் தப்பிய
ஒற்றையொற்றை  உதிரத் துளிகள்
மண்ணில் தெறித்து
தெறித்த மண்ணெங்கும் புதிதாய்ப் பிறந்தனர்

நம் கணக்குப் பிழைத்தது அங்கே
எனவே பிரபோ,
உமது ஆணையை
புதுப்பித்துப் பூர்த்தியாக்கினோம்.

பசித்தழும் பிஞ்சு உதடுகளுக்கும்
வற்றிய முலையின் காம்பில் துளிர்த்த
செவ்வெள்ளைப் பாற்சொட்டுக்கும் இடையில்
மரணத்தின்  வன்கரங்களை ஊடுருவ விட்டோம்
கொங்கைகள் திருகி எறியப்பட்டன
பூவிதழ்கள்  கசக்கிப் பிடுங்கப்பட்டன

துயர்மறக்க இணைதேடி விறைத்த குறிக்கும்
கருணையுடன் கசிந்த அல்குலுக்குமிடையில்
சீருடைப் பிசாசுகளைக் கூத்தாட விட்டோம்
புணரத் தடைவிதித்தும்  புணர நிர்ப்பந்தித்தும்
உடலின் சங்கீதம் சிதைக்கப்பட்டது

மழலைகளை முதுமையடைந்த சிங்கங்களுக்கும்
கிழங்களை இளம் புலிகளுக்கும் இரையாக்கினோம்
ஊர் துப்புரவானது

அவ்வாறாக
உமது ஆக்ஞைப்படியே
நாமன்றி யாருமில்லாத ஒரு பூமியை
வென்றெடுத்திருக்கிறோம் பிரபுவே,
ஒரு பிடிமண்ணும்
ஒரு துளிரத்தமும்
எடையிலும் நிறையிலும் விலையிலும் சமம்
அதுதானே பெருந்தகையீர் வரலாறு?

## തമ്പുരാനേ അങ്ങയുടെ ആജ്ഞ

തമ്പുരാനേ
അങ്ങയുടെ കല്പനപോലെയാണ്
എല്ലാം നടന്നത്.

നാവു മുറിച്ചു;
മൊഴി മറഞ്ഞു.
കാലുകൾ വെട്ടിമാറ്റി;
മണ്ണ് നഷ്ടമായി.
കൺകൾ പറിച്ചു
മാനം മറഞ്ഞുപോയി.
ലിംഗങ്ങൾ ഛേദിച്ചു
യോനികൾ പിളർന്നു
തലമുറപ്പിറവികൾ നിലച്ചു

ആ വൻദുരന്തത്തെ അതിജീവിച്ച
ഓരോ തുള്ളിച്ചോരയും
മണ്ണിൽ തെറിച്ചു;
തെറിച്ച മണ്ണിൽനിന്ന്, ഉണ്ടായി
പുതുജീവൻ.

നമ്മുടെ കണക്കവിടെ തെറ്റി.
അതുകൊണ്ടു തമ്പുരാനേ,
നിന്റെ കല്പനകൾ പുതുക്കി നിറവേറ്റപ്പെട്ടു.

വിശന്നുകരയും ശിശുക്കളുടെ ചുണ്ടുകൾക്കും
വറ്റിയ മുലക്കണ്ണിൽ പൊടിഞ്ഞ
ചെങ്ങി വിളർത്ത പാൽത്തുള്ളികൾക്കും ഇടയിൽ
മരണത്തിന്റെ ക്രൂരഹസ്തങ്ങൾ കടത്തിവിട്ടു.
മുലകൾ, വലിച്ചു പിഴുതു.
വിടരും ചുണ്ടുകൾ, കശക്കിപ്പറിച്ചു.

ഇണതേടുന്ന
ഉദ്ധൃതലിംഗങ്ങൾക്കും
അലിയുന്ന യോനികൾക്കും ഇടയിൽ
ഉല്ലസിക്കാൻ, നാം സമ്മതിച്ചു
യൂണിഫോമിട്ട ചെകുത്താന്മാരെ.
പുണരാൻ കൊതിക്കെ, തടഞ്ഞും
പുണരാൻ നിർബ്ബന്ധിച്ചും
ഉടലിന്റെ സംഗീതം തകർന്നു!

വയസ്സൻ സിംഹങ്ങൾക്ക് പൈതങ്ങൾ
ചെറുപുലികൾക്ക് വയസ്സർ,
അതെ, നഗരം വൃത്തിയാക്കപ്പെട്ടു

തമ്പുരാനേ, അവിടത്തെ ആജ്ഞപ്രകാരം
നമ്മളല്ലാതെ മറ്റാരുമില്ലാത്ത
ഒരു ഭൂമി പിടിച്ചടക്കി

ഒരു പിടി മണ്ണ്, ഒരു തുള്ളി ചോര
ഇവ തുല്യം, കനത്തിൽ
ളുക്കത്തിൽ, വിലയിൽ.

ഇതല്ലേ തമ്പുരാനേ, ചരിത്രം?

*(മൊഴിമാറ്റം: വി.എം.ഗിരിജ)*

# வம்ச புராணம்

பூர்வ ஜென்மத்தில் நாங்களெல்லாம்
கழுதைகளாக இருந்தோமாம்

பரண்பொருட்களுக்கிடையில்
பூசணம் பூத்துப் பதுங்கிக் கிடக்கும்
பழஞ்சுவடி ஆதாரம்
அவரவர்
இருப்பும் நடப்பும் அத்தாட்சி

எப்போதும் உண்மை
அதிர்ச்சியை அதிரச் செய்வது
எனினும் ஒருவேளை
சரியாகவும் இருக்கலாம்

குதிரையாக மாறும் முன்பு
விடுபட்ட பிறவி
கழுதையாகப் பரிணமித்ததுபோல
பிசாசாகவோ கடவுளாகவோ மாறுவதற்கிடையே
மனிதர்களாகத் திரிக்கப்பட்டவர்கள் நாங்கள்

சொல்லக் கேட்ட பாட்டனின்
பார்த்துப் பழகிய அப்பனின்
பார்த்துப் பார்த்து அலுத்த என்
முகங்களில் தெரிகிறது
கைவிடப்பட்ட விலங்கின் துயரம்
கண்களில் ததும்புகிறது
வழிந்து விடாத அப்பிராணிக் கண்ணீர்

எனவே

பழஞ்சுவடிச் சான்று ஒருவேளை
உண்மையாகவும் இருக்கலாம்

ஏழாம் பிறைபோல எனக்கும்
ஐந்தாம் பிறைபோலத் தந்தைக்கும்
மூன்றாம் பிறைபோலத் தாத்தாவுக்கும்
கழுதைக் கூன் முதுகுகளாம்

முதிர்ந்தவர்  வார்த்தை ஒருவேளை
மெய்யாகவும் இருக்கலாம்

பாட்டன் சுமந்தது பஞ்சுப் பொதி
அப்பன் சுமந்தது உப்பு மூட்டை
நான் சுமப்பது மண்பாரம்

எனினும்
எங்களை விட அதிகம் சுமந்தாலும்
கழுதையின் முதுகில் கூன் விழவில்லை,
ஏன்?

## വംശപുരാണം

പോയജന്മത്തിൽ ഞങ്ങളെല്ലാം
കഴുതകളായിരുന്നത്രേ
അറ്റത്തു കൂമ്പാരം കൂടിയ വസ്തുക്കൾക്കിടയിൽ
പൂപ്പൽ പിടിച്ച് പതുങ്ങിക്കിടക്കും
പഴയോലകൾ തെളിവ്.
അവരവരുടെ ഇരിപ്പും നടപ്പുംതന്നെ സാക്ഷി
എപ്പോഴും സത്യം നടുക്കത്തെ നടുക്കം കൊള്ളിക്കുന്നത്.
എങ്കിലും ഒരുവേള ശരിയായിരിക്കാം

കുതിരയായി മാറുംമുമ്പ്, നീക്കിവെച്ച ജന്മം
കഴുതയായി പരിണമിച്ചതുപോലെ.
പിശാചായോ ദൈവമായോ മാറുവതിനുമുമ്പ്
മനുഷ്യരായി വേർതിരിക്കപ്പെട്ടവർ നമ്മൾ
പറഞ്ഞുകേട്ട അപ്പൂപ്പന്റെ
കണ്ടറിഞ്ഞ അച്ഛന്റെ
കണ്ടുകണ്ടു മടുത്ത എന്റെ
മുഖങ്ങളിൽ തെളിയുന്നു
ഉപേക്ഷിക്കപ്പെട്ട മൃഗത്തിന്റെ ദുഃഖം
കണ്ണുകളിൽ തളംകെട്ടി നിൽക്കുന്നു
ഒരു പാവം കണ്ണീർ.
ഒരുപക്ഷേ, ആ പഴയ താളിയോലകൾ
ഉണ്മയായിരിക്കാം;
ഏഴാം കല*പോലെ എനിക്കും
അഞ്ചാം കലപോലെ തന്തയ്ക്കും
മൂന്നാം കലപോലെ മുത്തനും
കഴുതക്കുൻ മുതുകുകളാണത്രേ
പഴയോരുടെ മൊഴി ഒരുപക്ഷെ സത്യമായിരിക്കാം...
മുത്തൻ ചുമന്നത് ഉപ്പുചാക്ക്,
തന്ത ചുമന്നതു പഞ്ഞിക്കെട്ട്,
ഞാൻ ചുമക്കുന്നതു മൺഭാരം.
ഞങ്ങളേക്കാളധികം ചുമടേറ്റിയാലും
കഴുതകളുടെ മുതുകിൽ കൂന വരുന്നില്ല.
എന്തുകൊണ്ട്?

...

*ഒന്ന്,മൂന്ന്,അഞ്ച്,ഏഴ് തുടങ്ങിയ ഒറ്റച്ചന്ദ്രക്കല കാണുന്നത് നല്ലത് എന്ന തമിഴ്നാട്ടിലെ വിശ്വാസം.

*(മൊഴിമാറ്റം : വി.എം.ഗിരിജ)*

# நீராலானவள்

எந்தத் தடையும் இல்லாமல்
உள்ளே புக முடிகிறது
ஒரு மீனை
தண்ணீர் வரவேற்பதுபோல
அனுமதிக்கிறாய்

எந்தத் தயக்கமும் கொள்ளாமல்
வெளியில் வர முடிகிறது
ஒரு நீர்த் தாவரத்துக்குத்
தண்ணீர் விடைகொடுப்பதுபோல
வழியனுப்புகிறாய்

மீண்டும் நுழைந்து
மீண்டும் வெளியேறித்
தெரிந்து கொண்டவை
இரண்டு உண்மைகள்:

மீனுக்கும் தாவரத்துக்கும்
நீரின்றி வாழ்வில்லை

நீருக்குக் கதவுகளும் இல்லை

# വെള്ളത്താലവൾ

തടവേതുമില്ലാതെ,
ഉള്ളിൽപ്പോകാൻ കഴിയും.
വെള്ളം മീനിനെ എന്നപോലെ
അനുവദിക്കുന്നു.
ഒരു ശങ്കയുമില്ലാതെ
പുറത്തുവരാനും കഴിയും;
ഒരു നീർച്ചെടിയെ നീര്
എന്നപോലെ യാത്രയാക്കുന്നു.
വീണ്ടും അകം പൂകി,
വീണ്ടും വെളിയേറി
കണ്ടെത്തിയത് രണ്ടുണ്മകൾ.
മീനിനും നീർച്ചെടിക്കും
നീരില്ലാതില്ല ജീവൻ.
പിന്നെ?
നീരിന് കതകുകളും ഇല്ല.

*(മൊഴിമാറ്റം വി.എം.ഗിരിജ)*



# സുകിർത റാണി

ജനനം 1973. സ്വദേശം വെല്ലൂർ ജില്ലയിലെ ലാലാപ്പേട്ടൈ. 6 സമാഹാരങ്ങൾ. കൈപ്പട്ടിയിൻ കനവുകേൾ, ഇരവു മിരുഗം, അവളൈ മൊഴിപ്പേർത്തൽ, ഇപ്പടിക്കു ഏവാൾ. പുരസ്കാരങ്ങൾ : പുതുമൈപ്പിത്തൻ നിനൈവു വിരുത്, സാധനൈപ്പെൺ, അംബേദ്കർ പേരാളി. ദളിത് ആശയങ്ങളോടും അവതരണകവിതയോടും ആഭിമുഖ്യം.

# பளிச்சென்று சொல்லிவிடுகிறேன்

செத்துப்போன மாட்டைத்
தோலுரிக்கும்போது
காகம் விரட்டுவேன்
வெகுநேரம் நின்று வாங்கிய
ஊர்ச்சோற்றைத் தின்றுவிட்டு
சுடுசோறெனப் பெருமை பேசுவேன்.
தப்பட்டை மாட்டிய அப்பா
தெருவில் எதிர்ப்படும்போது
முகம் மறைத்து கடந்துவிடுவேன்
அப்பாவின் தொழிலும் ஆண்டுவருமானமும்
சொல்ல முடியாமல்
வாத்தியாரிடம் அடிவாங்குவேன்
தோழிகளற்ற
பின்வரிசையி லமர்ந்து
யாருக்கும்
தெரியாமல் அழுவேன்
இப்போது
யாரேனும் கேட்க நேர்ந்தால்
பளிச்சென்று சொல்லிவிடுகிறேன்

பறச்சி என்று.

# ആരെങ്കിലും ചോദിച്ചാൽ

ചത്ത മാടിന്റെ തോലുരിക്കുമ്പോൾ
കാക്കകളെ ആട്ടിയോടിക്കും

പെരുത്തുനേരം കാത്തുകിട്ടിയ
കൂലിച്ചോറു തിന്നുതീർത്ത്
വീട്ടുചുട്ടുചോറെന്ന് കേമത്തം പറയും

തപ്പു കഴുത്തിൽ തൂക്കി
അപ്പൻ തെരുവിൽ
എതിർപെടുമ്പോൾ
മുഖം മറച്ച് കടന്നുപോകും

അപ്പന്റെ തൊഴിലും ആണ്ടുവരുമാനവും
പറയാൻ വയ്യായ്കയാൽ
വാധ്യാരുടെ തല്ലു വാങ്ങും

കൂട്ടുകാരികൾ ആരോരുമില്ലാതെ
പിൻനിരയിൽ അമർന്നിരുന്ന്
ആരും കാണാതെ വിതുമ്പും

ഇപ്പോൾ
ആരെങ്കിലും ചോദിച്ചാൽ
തുറന്നടിക്കും:
ഞാനൊരു പറച്ചി.

(മൊഴിമാറ്റം: എൻ.ജി.ഉണ്ണികൃഷ്ണൻ)

# விடுதலையின் பதாகை

என் கிராமத்தின் தேகமெங்கும்
வர்க்கத்தின் இருள் கவிந்திருக்க
அச்சமூட்டும் துரோகியின் குறுவாளைப் போல
பிசிரின்றி
எரிந்துகொண்டிருக்கிறது இரவு
அன்று வானம் நீலமாயும்
நட்சத்திரங்கள் சீம்பாலைப் போலவும்
மின்னிக் கொண்டிருந்தன
மூங்கில் கூடையில் வெளிச்சம் வாரப்பட்ட
வீட்டின் முற்றத்தில்
நிர்வாணமாய்க் கிடத்தப்பட்டிருக்கிறேன்
கால்களும் கட்டப்பட்டிருக்கின்றன
தமையனைக் கூடச்சொல்லும் வக்கிரம்
இரவின் உச்சாடனமாய் ஒலிக்க
ஆதிக்கத்தின் கருந்திரவத்தைப் பருகியவர்கள்
என் யோனியில் பள்ளம் பறித்துப்
பருத்த கம்பொன்றை நிறுத்துகிறார்கள்
என் வலியின் ஓலத்தில்
அரங்கேறுகிறது ஒரு சாதிக்கூத்து
ஆடிக் களைத்தவர்களின் குறியிலிருந்து
வழிந்தோடிய வன்மத்தின் கால்வாயில்
வீசப்படுகிறது என் உடல்
செவிட்டுப் போர்வையிலிருந்தும்
குருட்டுத் தூக்கத்திலிருந்தும் விடுபடாத தேசத்தில்
சட்டையுரிக்கும் சர்ப்பத்தின் உக்கிரத்தோடு
மண்ணுக்குள் புதைகிறேன்

யோனியில் ஊன்றிய கம்பின் உச்சியில்
குருதியின் நிறத்தோடு பறக்கும்
எம் விடுதலையின் பதாகை.

- கயர்லாஞ்சி நினைவாக

# വിമോചനത്തിൻ പതാക

എന്റെ ഗ്രാമത്തിൻ ദേഹമാകെ മൂടി
എങ്ങും വർഗ്ഗത്തിൻ ഇരുൾ
ഭയം തീറ്റിക്കും ദ്രോഹിയുടെ
കൂസലറ്റ  കഠാരപോൽ
തിളങ്ങിയെരിയും രാവ്

അന്ന്
ആകാശം നീലയായും
നക്ഷത്രങ്ങൾ നറുംമുലപ്പാൽ പോലെയും
മിന്നിക്കൊണ്ടിരുന്നു

മുളംകൂടയിൽ വാരിക്കൂട്ടിയെടുത്ത വെളിച്ചം
അരണ്ടുചിതറും മുറ്റത്ത്
പിറന്നപടി ഞാൻ

കാൽകളും കെട്ടപ്പെട്ടിരിക്കുന്നു

ഉടപ്പിറന്നോനൊപ്പം കൂത്താടാൻ ഓതും
വൈകൃതത്തിൻ രാത്രിയുടെ
ഉച്ചാടനമന്ത്രങ്ങൾ
അധീശത്വത്തിൻ കറുകറുത്ത റാക്ക കുടിച്ചവർ
എന്റെ യോനി
കുഴിച്ച് അതിൽ

ഒരു  പെരുംകമ്പു നാട്ടുന്ന

എന്റെ നോവിൻ ഓളത്തിൽ
അരങ്ങേറുന്നൊരു ജാതിപ്പേക്കൂത്ത്

ആടിത്തളർന്നവരുടെ
ലിംഗങ്ങൾ വഴിഞ്ഞൊഴുകിയ
പകയുടെ അഴുക്കുചാലിൽ
വീശിയെറിയപ്പെടുന്ന എന്നുടൽ

ബധിരന്റെ
കരിംകംബളം മൂടിക്കെട്ടിയ ചെവിയിൽ നിന്നും
അന്ധന്റെ ഉറക്കത്തിൽ നിന്നും

വിടുതലില്ലാദേശത്തിൻ മണ്ണിനുള്ളിൽ
ഉറയൂരും സർപ്പത്തിൻ ഉഗ്രതയോടെ
എൻ യോനിയിൽ നാട്ടിയ പെരുംകമ്പിൻ ഉച്ചിയിൽ
കുരുതിച്ചുവപ്പുവർണ്ണത്തിൽ
പാറുന്ന
ഞങ്ങളുടെ വിമോചനത്തിൻ പതാക
(മൊഴിമാറ്റം: എൻ.ജി.ഉണ്ണികൃഷ്ണൻ)

# இரவு மிருகம்

பருவப் பெண்ணின் பசலையைப் போல
கவிழத் தொடங்கியிருந்தது இருள்.
கதவடைத்துவிட்டு
மெழுகுவர்த்திகளின் மஞ்சள் ஒளியில்
தனியாக அமர்ந்திருந்தேன்.
அப்போதுதான் தினமும் விரும்பாத
அதன் வருகை நிகழ்ந்தது.
நான் பார்த்துக் கொண்டிருக்கும்போதே
என்னை உருவி எடுத்துவிட்டு
இன்னொரு என்னை வெளிக்கொணர்ந்தது.
நான் திகைக்க நினைக்கையில்
அந்தரங்கம் அச்சிடப்பட்ட புத்தகத்தையே
படித்து முடித்திருந்தேன்.
என் கண்களின் ஒளிக்கற்றைகள்
முன்னறையில் உறங்குபவனின்
ஆடை நெகிழ்வுகளில் பதிந்திருந்தன.
கோப்பை நிறைய வழியும் மதுவோடு
என்னுடல் மூழ்கி மிதந்தது.
கூசும் வார்த்தைப் பிரயோகங்களைச்
சன்னமாய்ச் சொல்லியவாறு
சுயப்புணர்ச்சியில் ஆழ்ந்திருந்த வேளை
பறவைகளின் சிறகோசை கேட்டதும்
என்னை என்னிடத்தில் போட்டுவிட்டு
ஓடிவிட்டது இரவுமிருகம்.

# ഇരവുമൃഗം

പരുവപ്പെണ്ണിൻ വിവശത പോലെ
കമിഴ്ന്ന വീഴാൻ തുടങ്ങി ഇരുൾ

കതകടച്ച്
മെഴുകുതിരികളുടെ മഞ്ഞവെളിച്ചത്തിൽ
തനിയെ
അമർന്ന് ഇരുന്നു.

അപ്പോൾ എന്നുമെന്നപോലെ സംഭവിക്കുന്ന
അതിൻ വരവ്

ഞാൻ കണ്ടുകൊണ്ടിരിക്കെത്തന്നെ
എന്നെ ഊരിയെടുത്ത്
ഇനിയൊരെന്നെ വെളിപ്പെടുത്തുന്നു അത്

പകച്ചുപോകും മുമ്പേ
എന്നന്തരംഗം  അച്ചടിച്ച പുസ്തകമാകെ
വായിച്ചു തീർത്തു ഞാൻ

എൻ കണ്ണിൻ രശ്മികൾ
മുൻവശത്തെ മുറിയിൽ
ഉറങ്ങുമവന്റെ
അയഞ്ഞ വസ്ത്രത്തിൻ കിഴിവുകളിൽ
പതിഞ്ഞു

കോപ്പ നിറഞ്ഞു വഴിയും മദിരയിൽ
എന്നുടൽ മുഴുകിയൊഴുകി

പുന്നാരത്തെറികൾ സ്വകാര്യമായ് ചൊല്ലി
സ്വയം പുണർന്നാഴ്ന്ന നേരം
പക്ഷികളുടെ ചിറകടിയൊച്ചകൾ കേട്ടതും
എന്നെ എന്നിടത്തിൽ തള്ളിയിട്ടു
ഓടിപ്പോയി
ഇരവുമൃഗം
(മൊഴിമാറ്റം: എൻ.ജി. ഉണ്ണികൃഷ്ണൻ)



# ഇശൈ

1977-ൽ കോയമ്പത്തൂരിനടുത്ത ഇരുക്കൂറിൽ ജനനം. കാട്ടുപോലും വണ്ണാത്തിപ്പൂച്ചി, ആട്ടുതി അമുതേ, ശിവാജിഗണേശനിൻ മുത്തങ്ങൾ എന്നിവ കൃതികൾ. ആനന്ദവികടൻ അവാർഡ് (രണ്ടുതവണ), സുന്ദരരാമസ്വാമി അവാർഡ് എന്നിവ ലഭിച്ച പുരസ്കാരങ്ങൾ.

# தற்கொலைக்குத் தயாராகுபவன்

தற்கொலைக்கு தயாராகுபவன்
பித்துநிலையில்
என்னென்னவோ செய்கிறான்
அவன் கையில்
குடும்பப் புகைப்படமொன்று கிடைக்கிறது
அதிலிருந்து
தனியே தன்னுருவைப்
பிரித்தெடுக்கும் முயற்சியில்
கத்தரிக்கத் துவங்குகிறான்.
எவ்வளவு நுட்பமாக செயல்பட்டும்
கைகோர்த்திருக்கிற
தங்கையின் சுண்டுவிரல்நுனி
கூடவே வருவேனென்கிறது.

# ആത്മഹത്യക്ക് ഒരുങ്ങുന്നവൻ

ആത്മഹത്യക്ക് ഒരുങ്ങുന്നവൻ
ഭ്രാന്തമായി
എന്തൊക്കെയോ ചെയ്യുന്നു

അവന്റെ കയ്യിൽ
കുടുംബ ഫോട്ടോ

അതിൽനിന്ന്
തന്നെ വേർപെടുത്താനുള്ള ശ്രമത്തിൽ
തന്റെ രൂപം
കത്രിച്ചെടുക്കാൻ തുടങ്ങുന്നു

എത്ര സൂക്ഷ്മം ശ്രമിച്ചിട്ടും
കൈകോർത്തിരിക്കും
അനിയത്തിയുടെ ചെറുവിരൽത്തുമ്പ്
കൂടെ വരാൻ കിണയുന്നു.

*(മൊഴിമാറ്റം സന്ധ്യ എൻ.പി)*

# ஒரு கோடியே நூற்றியெட்டு துயரங்கள்

இந்த உலகத்தில்
ஒரு கோடியே நூற்றியெட்டு
துயரங்கள் இருக்கின்றன.
வரலாறு, தத்துவம் மற்றும்
இலக்கியங்களால்
இன்னும் ஆயிரத்திற்கும் அதிகமான
துயரங்களை கண்டறிய முடியவில்லை.
உலகின் தலைசிறந்த
ஓவியர்கள் வசமிருக்கும்
நூற்றுக்கும் அதிகமான வர்ணங்களால்
ஒரு கோடியே நூற்றியெட்டு துயரங்களைத்
தீட்ட இயலவில்லை.
பசி என்பது
முதல் துயரமாகப்
பெரும்பான்மையோரால் ஏற்றுக்கொள்ளப்பட்டு விட்டது.
98 ஆம் துயரக்காரனான என்னை
1002 ஆம் துயரக்காரனொருவன்
பரிகசிக்கையில்
எனக்கு சினம் மேலிடுகிறது.
ஒரு துயரமும்
இன்னொரு துயரமும்
தமக்குள் சண்டையிட்டுக் கொள்வதையே
நாம் வரலாறு என்கிறோம்

# ഒരുകോടി നൂറ്റെട്ട് ദുഃഖങ്ങൾ

ഒരുകോടി നൂറ്റെട്ട് ദുഃഖങ്ങളുണ്ടീ ലോകത്ത്
ചരിത്രം, തത്വചിന്ത, സാഹിത്യം
ഒന്നിനുമാവില്ല
ആയിരത്തിലധികം ദുഃഖങ്ങളെ കണ്ടറിയാൻ
ലോകത്തെ തലമുതിർന്ന
ചിത്രകാരന്മാരുടെ കൈയ്യിലുള്ള
നൂറിലേറെ വർണ്ണങ്ങളാൽ
ഒരുകോടി നൂറ്റെട്ട് ദുഃഖങ്ങളെ
പകർത്താനാവില്ല
വിശപ്പിനെ
ഒന്നാമത്തെ ദുഃഖമായി
ബഹുഭൂരിപക്ഷമാളുകളും അംഗീകരിച്ചിട്ടുണ്ട്.
98-ാം ദുഃഖക്കാരനായ എന്നെ
1002-ാം ദുഃഖക്കാരനായ ഒരാൾ
പരിഹസിക്കുമ്പോൾ
ഈറ പിടിക്കും

ഒരു ദുഃഖവും
വേറൊരു ദുഃഖവും തമ്മിൽ
ശണ്ഠ കൂടുന്നതിനെയാണ്
നാം ചരിത്രം എന്നു വിളിക്കുന്നത്.

*(മൊഴിമാറ്റം: സന്ധ്യ എൻ.പി)*

# உனக்கு நீயே தான்

உனக்கு நீயே தான்
சொக்கும்படி பார்த்துக் கொள்ள வேண்டும்
உனக்கு நீயே தான்
மிஸ்டுகாலில் விளையாடிக் கொள்ள வேண்டும்
உனக்கு நீயே தான்
வாழ்த்து தெரிவித்துக் கொள்ள வேண்டும்
உனக்கு நீயே தான்
மறந்த பொருட்களை நினைவுபடுத்திக் கொள்ள வேண்டும்
உனக்கு நீயே தான்
பின்னால் வந்து கட்டிக் கொள்ள வேண்டும்
உனக்கு நீயே தான் நிலா காட்டிக்கொள்ள வேண்டும்
நீயே தான் உன் காதில் கிசுகிசுத்துக் கொள்ள வேண்டும்
நாலாவது ரௌண்டில்
உனக்கு நீயே தான் கண்டித்துக் கொள்ள வேண்டும்
உன் கண்ணில் நீர் வழிந்து உன் நெஞ்சிலேயே தான் உதிரமும்
கொட்டவேண்டும்
உன் தலையை அரிந்து
உன் மடியில் போட்டுக் கொண்டு
நீயே தான் கோதிவிட வேண்டும்.

# നിനക്കു നീ തന്നെ

നിന്നിൽ നീതന്നെ മതിമയങ്ങണം
നിനക്കു നീ തന്നെ
മിസ്‌കോളടിച്ചു രസിച്ചു കളിക്കണം
നിനക്കു നീ തന്നെ
ആശംസ നേരണം
നിനക്കു നീ തന്നെ
മറന്ന വസ്തുക്കളെ ഓർമ്മപ്പെടുത്തണം
നിന്നെ നീ തന്നെ
പിന്നിലൂടെ വന്നു കെട്ടിപ്പിടിക്കണം
നിനക്കു നീ തന്നെ
നിലാവു കാണിക്കണം
നീ തന്നെ നിൻ കാതിൽ കുശുകുശുക്കണം
നാലാമത്തെ റൗണ്ടിൽ
നിന്നെ നീ തന്നെ
ശകാരിച്ചടക്കണം
നിന്റെ കണ്ണിലുറന്ന നീര്
നിന്റെ നെഞ്ചിൽത്താൻ വീഴണം
നിന്റെ നെഞ്ചിൽത്താൻ വീഴണം ചോരയും.
നിന്റെ തലയറുത്ത്
നിന്റെ മടിയിൽവെച്ച്
നീ തന്നെ മുടി കോതണം

*(മൊഴിമാറ്റം: സന്ധ്യ എൻ.പി)*

# பிதாவே !

ஒரு பந்தென இருக்கிறோம்.
கடவுளின் கைகளில்
அவரதைத் தவற விடுகிறார்
தொப்பென வீழ்ந்து விடாதபடிக்குத்
தன் பாதத்தால் தடுத்து
முழங்காலால் எற்றி
புஜங்களில் உந்தி
உச்சந்தலை கொண்டு முட்டி
இரு கைகளுக்கிடையே
மாறி மாறித் தட்டி விளையாடுகிறார்
மறுபடியும் பாதத்திற்கு விட்டு
கைகளுக்கு வரவழைக்கிறார்
“நான் உன்னை விட்டு விலகுவதுமில்லை: உன்னைக்
கை விடுவதுமில்லை ”
பிதாவே ! தயவு பண்ணி எம்மைக் கைவிடும் !

# പിതാവേ

പിതാവേ!
ദൈവത്തിന്റെ കൈയിലെ ഒരു പന്തായിരിക്കുന്നു നമ്മൾ
അദ്ദേഹമതു കൈയിൽനിന്നു വിടുമ്പോൾ
പെട്ടെന്നു താഴെ വീഴാതിരിക്കാൻ
പാദം കൊണ്ടു തടുത്ത്
മുട്ടുകൊണ്ടുയർത്തി
നെഞ്ചം കൊണ്ടു തള്ളി
നിറുകംതലകൊണ്ടു മുട്ടി
ഇരുകൈകൾക്കിടയിൽ
മാറിമാറി തട്ടിക്കളിക്കുന്നു.
പിന്നെയും പാദത്തിലിട്ട്
കൈകളിലേക്കെടുക്കുന്നു

'ഞാൻ നിന്നെ വിട്ടു പോകുകയുമില്ല
കൈ വിടുകയുമില്ല.'

പിതാവേ, ദയവുചെയ്ത് എന്നെ കൈവിടൂ

*(മൊഴിമാറ്റം: സന്ധ്യ എൻ.പി.)*



# കന്നഡ കവിതകൾ



# അബ്ദുൾ റഷീദ്

1965-ൽ കൊടക് ജില്ലയിലെ സുന്തിക്കൊപ്പയിൽ ജനനം. കവിതാ സമാഹാരങ്ങൾ: 1. നന്ന പാടിഗെ നാന, 2. നരകദ കെന്നാലിഗെ എന്തഹ നിന്ന ബെന്ന ഹരി. മൂന്ന ചെറുകഥാ സമാഹാരങ്ങളും ഒരു നോവലും അഞ്ച്സാഹിത്യ പങ്ക്തി സമാഹാരങ്ങളും. അത്യുത്തരകേരളത്തിലെ മുസ്ലീം ഗ്രാമീണ ജീവിതം ആവിഷ്കരിക്കുന്ന 'ഹുവിന കൊല്ലി' എന്ന നോവൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമിയുടെ ഗോൾഡൻ ജൂബിലി പുരസ്കാരം, കർണ്ണാടക സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. കെണ്ട സംപിഗെ എന്ന തിരമൊഴി സാഹിത്യ ജേണലിന്റെ എഡിറ്ററും ആകാശവാണി ഉദ്യോഗസ്ഥനുമാണ്.

## ಒಂದು ಸವ್ಂತ ಪದಯ್

ನಿನನ್ ಬೆವರಿಕೊಂಡಿರಬಹುದಾದ ಎದೆ

ಮತುತ್  ನಿನನ್ ಕಾಲ ಬೆರಳ ಉಗುರಲಿಲ್ ಕಡಲಿನ ಮರಳು

ಮತುತ್ ನಿನನ್ ಮುಂಗುರುಳಲಿಲ್ ಸಿಕಿಕ್ಕೊಂಡಿರುವ ಹಕಿಕ್ಯ ಗರಿ

ನೀನೇ ನಿದೆದ್ಯಲಿಲ್ ಪರಚಿಕೊಂಡಿರುವ ನಿನನ್ ಬೆನನ್ ಗೀರು

ಮತುತ್ ಇದು ಯಾವುದಕೂಕ್ ಕಾರಣನಲಲ್ನೆಂಬ ನನನ್ ಕೊರಗು.

ನಿನನ್ ಎಚಚ್ರ್ರದ ಉದಾಸೀನ, ಮೈಮುರಿದುಕೊಳುಳ್ವ ನಿನನ್ ಬೆನನ್ ಬೆರಳ  ಲಾಸಯ್,

ಮತುತ್ ಇಷಿಟ್ಷೆಟ್ೀ ಬಿಟುಟ್  ಹಿಂದಿಡಿದಿಟುಟ್ಕೊಳುಳ್ವ ನಿನನ್ ಔದಾರ್ಯ ಮತುತ್

ನನನ್ ಮುಡಿಯಲಿಲ್ ಬೆರಳಿಟುಟ್ ನಿದೆದ್ ಮಾಡಿಸಬಹುದೆನುನ್ವ

ನಿನನ್ ಮರುಳು ಧೈರ್ಯ!

ನಾನು ಏನೋ ತೊದಲುವೆನು, ಮತೆತ್ ನಿದೆದ್ ಹೋಗುವೆನು

ಎಲಲ್ವನು ಕಂಡು ಇಲಲ್ವಾಗುವೆನು

ಇರುವುದೇ ಎಲಲ್ವ ಎಂದು ಮುಟಿಟ್ ನೋಡುವೆನು

ನಿನನ್ ದೂರ ಕಳಿಸಿ ಬಿಟುಟ್ ಬಂದು....

# ഒരു സ്വന്തം കവിത

നിന്റെ വിയർപ്പു നിറഞ്ഞിരിക്കാവുന്ന മാറിടം.
നിന്റെ കാൽനഖങ്ങൾക്കിടയിലെ കടൽമങ്ങൽ
നിന്റെ മുടിച്ചുരുളിൽ കുടുങ്ങിപ്പോയ പക്ഷിത്തൂവൽ
നീ തന്നെ നിന്റെ പുറത്തുണ്ടാക്കിയ  നഖക്ഷതങ്ങൾ.
ഇതിനൊന്നും കാരണം ഞാനല്ല എന്നതാണ് എന്റെ ഖേദം.

നിന്റെ ജാഗ്രത്തായ ഉദാസീനത
മൂരി നിവർത്തുമ്പോൾ
നിന്റെ പുറവടിവിന്റെ, വിരലുകളുടെ ലാസ്യം.
കുറച്ചു മാത്രം നൽകുകയും
ഏറെപ്പിടിച്ചു വെയ്ക്കുകയും
ചെയ്യുന്ന നിന്റെ ഔദാര്യം.
എന്റെ മുടിയിഴകളിൽ
നിന്റെ ചതുരവിരലുകളോടിച്ച് തഴുകിയുറക്കാം
എന്ന നിന്റെ വിഫലമായ ധാർഷ്ട്യം.

ഉറക്കച്ചടവിൽ പുലമ്പി, ഞാൻ വീണ്ടും ഉറങ്ങാൻ പോകും.

എല്ലാറ്റിനേയും കണ്ട് ഇല്ലാതായിപ്പോകും.
നിന്നെ ദൂരേക്കയച്ച്
മടങ്ങിവന്ന്
ഉള്ളതാണോ എന്ന്
ഓരോന്നിനെയും തൊട്ടുനോക്കും.

*(മൊഴിമാറ്റം: പി.എൻ. ഗോപീകൃഷ്ണൻ)*

## ನಿನನ್ ಮೈವಾಸನೆ ಸೂಸಲಿ ಈ ಚಾದರದಲಿಲ್

ನಿನನ್ ಮೈವಾಸನೆ ಸೂಸಲಿ ಈ ಚಾದರದಲಿಲ್
ನೆನಪೆ೦ಬುದು ಬೇಡ ಇರುವಾಗಲೇ...

ಹಾಗೆ ನೋಡಿದರೆ ನಾಮು ಕೂಡಿದೆದ್ೇ ಇಲಲ್
ಕ೦ಡೇ ಇಲಲ್.ಎಣಿಸಿದುದ್ ಮಾತರ್
ಏನೆಲಾಲ್ ನಡೆಸಿರುವೆವೆ೦ದು.

ನೀನು ಬೆಳಕ ಪುತಥ್ಳಿ,ಒ೦ದು ಅನನಯ್ ಪರಿಮಳ,
ಬೆಳಗೇ ತಲೆಕೆಳಗೆ ಬಿದದ್ ಪಾರಿಜಾತ.
ನೀನು ನಕಷ್ತರ್ಮುಖಿ ಕೋಲು ಬೆಳಕು
ಮೈಯಯ್ ಕತತ್ಲೊಳಕೆಕ್ ಬಾಚಿ ಎಳೆದು ನನನ್ ಕಣಣ್ ಮುಚಿಚ್ದವಳು.

ಮಳೆಯ ಒರತೆಯ೦ತವಳು.

ನಿನನ್ ಮೈ ವಾಸನೆ ಸೂಸಲಿ ಈ ಚಾದರದಲಿಲ್.
ನೆನಪೆ೦ಬುದು ಯಾಕೆ ಇರುವಾಗಲೇ.

ಜಿನುಗು ಜಿನುಗುತತ್ಲೇ ಸುಖ ಸ೦ಕಟ
ಇನುನ್ ಇನೆನ್ನೋ ಗೊತಿತ್ಲಲ್ದ ಸದದ್ ಅದುಮಿ ಹಿಡಿದವಳು.
ನೀನು ಕಳಳ್ಗುಟಿಟ್ನ ಹೆಣುಣ್, ಹೆತತ್ ಎದೆಯವಳು
ಚೂಟಾಟದ ಹುಡುಗಿ, ನಡುವೆ ಎದುದ್ ಮೈ ಕೊಡವಿ
ಮತೆತ್ ಅಣಿಯಾದವಳು.

ಏನೂ ಗೊತಿತ್ಲಲ್ ಎ೦ದವಳು,
ಎಷೆಟ್ಲಲ್ ಕಲಿಸಿ.

ನಿನನ್ ಮೈ ವಾಸನೆ ಸೂಸಲಿ ಈ ಚಾದರದಲಿಲ್
ನೆನಪೆ೦ಬುದು ಯಾಕೆ ನಾಮು ಇರುವಾಗಲೇ.

# നിന്റെ മെയ്യിന്റെ വാസന ഈ വിരിപ്പിൽ സുഗന്ധം പൂശട്ടെ

നിന്റെ മെയ്യിന്റെ വാസന ഈ വിരിപ്പിൽ സുഗന്ധം പൂശട്ടെ.
ജീവനോടിരിക്കുന്നവയ്ക്ക് ഓർമ്മകൾ വേണ്ട.

അതുകൊണ്ട്
നാം കൂടിച്ചേർന്നില്ല.
പരസ്പരം കണ്ടിട്ടില്ല.
എന്തെല്ലാം ചെയ്തുവോ, അതെല്ലാം
ഭാവനയിൽ മാത്രം.

നീ ഒരു വിളക്കു പ്രതിമ, അനന്യ സുഗന്ധം
പകലിൽ തലകത്തിവീണ പാരിജാതം
നീ നക്ഷത്രമുഖി, പ്രകാശരശ്മി
നിന്റെ ഉടലിന്റെ ഇരുട്ടിലേക്ക് വിളിച്ചടുപ്പിച്ച്
നീ എന്റെ കണ്ണുപൊത്തി.
നീ മലയരുവിയുടെ ഉറവ് പോലെ.
നിന്റെ മെയ്യിന്റെ വാസന ഈ വിരിപ്പിൽ
സുഗന്ധം പൂശട്ടെ.
ഇറ്റിറ്റായി വീഴുന്ന
സുഖങ്ങളെ, സങ്കടങ്ങളെ, മറ്റനേകം അറിയാത്ത ശബ്ദങ്ങളെ
അമർത്തി വെച്ചവൾ

നീ ഒരു കള്ളിപ്പെണ്ണ്.
നീ മാതൃഹൃദയം.
കണ്ണുപൊത്തിക്കളിക്കുന്ന കുട്ടി.
നടുവിൽ എണീറ്റ് മെയ് കുടഞ്ഞ്

വീണ്ടും തയ്യാറെടുക്കുന്നവൾ.
ഒന്നും അറിയില്ലെന്ന് നടിച്ച്
പലതും പഠിപ്പിച്ചവൾ.

നിന്റെ മെയ്യിന്റെ വാസന ഈ വിരിപ്പിൽ
സുഗന്ധം പൂശട്ടെ.
ജീവനോടെയിരിക്കുന്നവർക്ക് ഓർമ്മയുടെ ആവശ്യമില്ല.

*(മൊഴിമാറ്റം: പി.എൻ. ഗോപീകൃഷ്ണൻ)*

## ಹೇ ಬಂದೇ ನವಾಜ್

ಈ ವಿಷವನುನ್ ಪೇಯದಂತೆ ಕುಡಿಯಲು ಬಿಡು,

ಒಂದು ತೊಟೊಟ್ ನೆಲದಲಲ್ ಹಿಂಗದಂತೆ.

ಈಗಿಂದೀಗಲೇ ಬಿಕಷ್ೆಯ ಬಟಟ್ಲನುನ್ ಹಿಡಿದು ನಡೆವ ಧೈರ್ಯ ಕೊಡು.ಈ ಗಿಡುಗನ
ಉಡುಪನುನ್ ಕಳಚಿ ಬಿಡುವೆನು

ಪಾರಿವಾಳದ ದಿರಿಸನುನ್ ತೊಡಿಸು ನನಗೆ ಹೇ ಬಂದೇನವಾಜ್.

ನಿನನ್ ಪಹಾಡಿನ ಹರಳು, ನಿನನ್ ವನದ ಸಂಪಿಗೆಯ ಕರಿಯ ಬೀಜ,

ನಿನನ್ ಫಕೀರರ ಹಾಡು,ಚಿಲುಮೆಯ ಹೊಗೆ,ಕೈಯ ಕೋಳ, ಕಾಲ ಕಡಗ,

ನಿನನ್ ಹತೂತ್ ಬೆರಳಿನ ಮಾಯದುಂಗುರ ?

ನನನ್ ಇಲಲ್ದಂತಾಗಿಸು ಹೇ ಬಂದೇ ನವಾಜ್.

ನಿನನ್ ಗೋರಿಗಳ ನಡುವೆ ಹಾಲು ಊಡುತತ್,ಕಾಲು ಆಡಿಸುತತ್ ಮಲಗಿರುವ ಮಗುವಿನ ನಗು.

ಹಾಲ ಊಡಿಸುತಿತ್ರುವ ಮುಸುಕಿನೊಳಗಿನ ಕಣುಣ್ಗಳ ಕಳಳ್ ಆಟ.

ನಿನನ್ ಗೋಡೆಗಳಿಗೆ ತಲೆ ಘಟಿಟ್ಸಿಕೊಳುಳ್ತಿತ್ರುವ ತಲೆಕೆಟಟ್ ಹೆಣುಣ್ಮಗಳ ಚೀತಾಕ್ರ.

ಈ ಸಮ್ಶಾನದ ಆನಂದವನುನ್ ಅನುಭವಿಸಲು ಬಿಡು, ಹೇ ಬಂದೇ ನವಾಜ್.
ಈಗಿಂದೀಗಲೇ ಬಿಕಷ್ಾಪಾತರ್ವನುನ್ ಹಿಡಿದು ನಡೆವ ಧೈರ್ಯ ಕೊಡು.

ಕನಸಲಲ್ ನಿನನ್ ಖುರಪುಟಗಳ ಸದುದ್,ಆಕಾಶದಲಲ್ ಹಾಹಾಕಾರ,

ಒಡೆದಕಾಲುಗಳ ಸವರುತಿರುವ ಎಳುಳ್ ಹೂಮುಗಳ ಪರಾಗ,ನಸುನಗು,

ಕದುದ್ ಕೂಡಿರುವ ಜವವ್ನಿಗರ

ಪಿಸುಮಾತು,ಎಲಲ್ಂದಲೋ ಎದುದ್ ನಿಂತಿರುವ ಅರೆ ಕಳಾಹೀನ ಚಂದರ್,

ಈಗ ತಾನೇ ಮೈಕೊಟ್ಟು ಬಂದಿರುವ ವಕರ್ಮೂಗಿನ

ಬಿಕಷ್ಕಿಯಮಿಂಚುತಿರುವ ಮೂಗ ನತುತ್-

ನಾ ಪರಾದೀನ.ನಿನನ್ ಪಾದಗಳಲಿ ಹಣೆಯಿಟ್ಟು ಚುಂಬಿಸುತಿರುವೆ ನನನ್ನೇ ನಾನು.

ಈ ಆನಂದವನು ನನೊನ್ಳಗೂ ಹರಿದು,ಹೊರಗೂ ಇಳಿದು

ಈ ಅರೆ ಚಂದರ್ ಇರುಳು ಈ ನಕಷ್ತರ್ ರಾತಿರ್,ಈ ಮಿಂಚಿಲಲ್ದ ಸದಿದ್ಲಲ್ದ
ಆಗಸದಲಿಲ್ ತೋರಿಸು ನಿನನ್ ಇರಮ

ನಿನನ್ ಗಾಳಿ ನಿನನ್ ಬೆಳಕು,ನಿನನ್ ಊರಿದ ಪಾದದ ಕೆಳಗೆ

ಅಗಾಧಮುಳಳ್ನ ಪಾದುಕೆ ಈ ಭೂಮಿ.

ನಿನನ್ ಶಹರಿನ ಬೀದಿಗಳಲಿಲ್ ಅನವರತ ಅಲೆಯುವ ಪೆರ್ೀತಾತಮ್ರು ನಿನನ್ ಸಖಿಯರು

ಬೊಗಸೆಯಲಿಲ್ ಹರಿವ ಬೆಂಕಿ, ಚೆಲುವ ಚೆಲುಲ್ತತ್ ಹಸಿಯ ಮಾಂಸ ನೆತತ್ರು ಹೊತುತ್
ನಡೆಯುತಿತ್ರುವ ಈ ಚೆಲುವೆಯರು.ಆಹಾ ಇವರ ಕಣುಣ್ಗಳು.ಇವರ ಗಾಢ ಬೆವರು.

ನಿನನ್ ಮಣಣ್ ಹಿಡಿ ದೂಳ ಕದಲಿಸದೆಚಲಿಸುತಿತ್ರುವ ಇವರ ಪಾದ ಪಕಷ್ಿಗಳು.

ಕಣಿಣ್ಂದ ಕಾಣಿಸುತಿತ್ರುವ ಎಲಲ್ವ ಇಲಲ್ದಂತಾಗಿಸು ಹೇ ಗೇಸುದರಾಜ್

ನಾ  ಇಲಿಲ್ಂದ ಹೋಗುತಿರುವೆನು,

ಇಲಲ್ದ ಆ ಇನೊನ್ಂದು ಶಹರಿನ ದಾರಿ ತೋರಿಸು,

ಹೇ ಬಂದೇ ನವಾಜ್.

# യാ, ബന്ദേ നവാസ്

യാ, ബന്ദേ നവാസ്
ഈ വിഷം പാനീയം പോലെ
ഇറക്കാൻ എന്നെ അനുവദിക്കൂ.
നിലത്തിന് വലിച്ചെട്ടുക്കാൻ
ഒരു തുള്ളി പോലും വിട്ടുകൊടുക്കാതെ.
ഒരു ഭിക്ഷാപാത്രവുമായ് ഊരുചുറ്റാൻ
എന്നെ അനുവദിക്കൂ
ഞാനെന്റെ കഴുകനുടുപ്പ് ഉരിയട്ടെ
പ്രാവിൻ വേഷം എന്നെ അണിയിക്കൂ
യാ, ബന്ദേ നവാസ്.

നിന്റെ മലകളിലെ രത്നങ്ങൾ
നിന്റെ കാടുകളിലെ കരിഞ്ചെമ്പക വിത്തുകൾ
നിന്റെ ഫക്കീറുപാട്ടുകൾ, ഹുക്കാപുകകൾ, കൈച്ചങ്ങലകൾ
കാൽക്കടകങ്ങൾ
നിന്റെ പത്തു വിരലുകളിലെ മായാമോതിരങ്ങൾ.
എന്നെ ഇല്ലാതാക്കൂ
യാ, ബന്ദേ നവാസ്.

നിന്റെ ഖബറുകൾക്കിടയിൽ
പാലു കുടിച്ചു, കാലാട്ടുന്ന ശിശുവിന്റെ ചിരി.
മുഖപടമിട്ട അമ്മക്കണ്ണുകളുടെ കള്ളയാട്ടം.
നിന്റെ ചുമരുകളിൽ തലതല്ലുന്ന
ഭ്രാന്തിപ്പെണ്ണിൻ അലമുറകൾ
ഈ ശ്മശാനത്തിന്റെ ആനന്ദം അനുഭവിക്കാൻ
എന്നെ അനുവദിക്കൂ
യാ, ബന്ദേ നവാസ്
ഒരു ഭിക്ഷാപാത്രവുമായി ഊരുചുറ്റാൻ
ഇപ്പോൾത്തന്നെ എനിക്ക് ധൈര്യം തരൂ.

കിനാവിൽ നിന്റെ കുളമ്പടി ശബ്ദം,
ആകാശത്തിലെ ചിതറലുകൾ,
പൊളിഞ്ഞ പാദങ്ങളിൽ തലോടുന്ന
എള്ളിൻപൂപരാഗങ്ങൾ
പുഞ്ചിരി, അനാശാസ്യത്തിനു വേണ്ടിയുള്ള
യുവാക്കളുടെ മന്ത്രണങ്ങൾ,
എവിടെനിന്നില്ലാതെ ഉദിച്ചുപൊന്തുന്ന
വിളറിയ പാതിചന്ദ്രൻ.
ശരീരം കൊണ്ട് സുഖിപ്പിച്ച്
ഇപ്പോൾ തിരിച്ചെത്തിയ വളഞ്ഞ മൂക്കുള്ള
യാചകപ്പെണ്ണിന്റെ
മൂക്കുത്തിത്തിളക്കം.
ഞാൻ പരാധീനൻ.
എന്നെത്തന്നെയെന്ന പോലെ

നിന്റെ പാദങ്ങളിൽ ഞാൻ ചുംബിക്കുന്നു.

ഈ ആനന്ദം എന്റെ ഉള്ളിൽ പെയ്യട്ടെ.
പുറത്തൊഴുകട്ടെ.
പാതി വിളർത്ത ചന്ദ്രന്റെ ഇരുട്ടിൽ
ഈ നക്ഷത്ര രാത്രിയിൽ
നിന്റെ നഗരവീഥികളിൽ
അനവരതം അലയുന്ന പ്രേതാത്മക്കളായ്
നിന്റെ കാമിനിമാർ.
കൈത്തലങ്ങളിൽ ആളുന്ന തീയ്യുമായ്
ആ സുന്ദരികളുടെ മന്ദമന്ദഗമനങ്ങൾ.
അവരുടെ കണ്ണുകൾ, അവരുടെ തുളച്ചുകയറുന്ന വിയർപ്പ്
നിന്റെ നിലത്തിന്റെ പൊടിയെ ഉപദ്രവിക്കാതെ
നീങ്ങുന്ന അവരുടെ പക്ഷിപാദങ്ങൾ.

യാ, യേശ ദരാസ്,
കാണുന്ന ഓരോന്നും ഇല്ലാതാക്കൂ.
ഞാൻ ഈ സ്ഥലം വിടുന്നു.

ഇല്ലാത്ത മറ്റൊരു നഗരത്തിലേക്ക്
വഴി കാണിക്കൂ
യാ, ബന്ദേ നവാസ്

*(മൊഴിമാറ്റം: പി.എൻ. ഗോപീകൃഷ്ണൻ)*



## മംത സാഗർ

ജനനം 1966. കന്നട കവി, നാടകകൃത്ത്, സാംസ്കാരിക പ്രവർത്തക. ഹീഗെ ഹാളെയ മായിലെ ഹാദ്ദു, നദിയാ നീരിന തേവ, കാട നാവിലിന ഹെജ്ജെ-ഇവ കവിതാ സമാഹാരങ്ങൾ. നാലു നാടകങ്ങളും രചിച്ചിട്ടുണ്ട്. സ്വദേശത്തും വിദേശത്തും നടന്ന നിരവധി രാജ്യാന്തര കാവ്യോത്സവങ്ങളിൽ പങ്കാളിത്തം. പൊതു ഇടങ്ങളിലെ കവിതാവതരണങ്ങൾ സംഘടിപ്പിക്കുന്നു

## ಕಣ್ಣುಮುಚ್ಚೆಲೆಯಾಟ

ಒಂದು ಎಲೆ ಹಾಗೇ ಮೆಲ್ಲಗೆ
ಮರದಿಂದ ಜಾರಿ ತೇಲುತ್ತ
ಜೀಕುತ್ತ ಗಾಳಿಪಟವಾಗುತ್ತ
ಗಾಳಿಯ ಮೈದಡವಿ ಜಾರುತ್ತ
ನೀರ ಮೇಲಿನ ದೋಣಿಯಾಯ್ತು.

ಬಣ್ಣ ಬಣ್ಣದ ಮೀನ ಜೊತೆ
ಅಲೆಯ ಮೇಲೆ ಹೊಳೆವ
ಹಳದಿ ಹಸಿರಿನ ಚಮಕು
ಸರ ಸರನೆ ಕಣ್ಣು ತಪ್ಪಿಸಿ
ನೀರ ಜೊತೆಯಲ್ಲಿ ಮರೆಯಾಯ್ತು.

ನೀರಿಗೂ ಗೊತ್ತಿಲ್ಲ, ಮೀನಿಗೂ ಗೊತ್ತಿಲ್ಲ,
ಗಾಳಿಗೂ ಗೊತ್ತಿಲ್ಲ, ಮರಕ್ಕೂ ಗೊತ್ತಿಲ್ಲ
ಈ ಕಣ್ಣುಮುಚ್ಚೆಲೆಯಾಟ.

# കണ്ണുപൊത്തിക്കളി

മരത്തിൽനിന്നൊരില
വഴുതിയും
ചാഞ്ഞും
ചാഞ്ചാടിയും
കാറ്റിനെ ലാളിക്കുന്നൊരു പട്ടം
നീരിനു മേലൊരു തോണി
പകിട്ടുള്ള മീനിനൊപ്പം
തിളങ്ങും വെള്ളത്തിൽ
മഞ്ഞയും പച്ചയുമായി മിന്നി
ഞൊടിയിടയിൽ നീന്തി
ഒഴുക്കിനൊപ്പം മറയുന്നു.

നീരറിയുന്നില്ല
മീനറിയുന്നില്ല
കാറ്ററിയുന്നില്ല
മരമറിയുന്നില്ല
ഈ കണ്ണുപൊത്തിക്കളി.

(മൊഴിമാറ്റം: മനോജ് കുറൂർ)

**ಶಬದ್ಗಳು**

ಶಬದ್ಗಳು ಯಾತಕೆಕ್ ಹೀಗೆ
ಕಪುಪ್ ತು◌ಂತುರು ಹನಿ!
ಬಿಳಿಯ ಅವಕಾಶಕೆಕ್
ಕೊಟಟ್ ರೂಪ

ಶಬದ್ಗಳು ಯಾತಕೆಕ್ ಹೀಗೆ
ಕೇಳುಮದಿಲಲ್ ಕಾಣುತತ್ವೆ.
ಶಬದ್ಗಳು ಕಾಣದವೂ ಕೇಳುತತ್ವೆ.

## വാക്കുകൾ

വാക്കുകളെന്താണിങ്ങനെ?

കറുത്ത ചാറുന്ന തുള്ളികൾ
ആകാശത്തിൻ വെളുത്ത പ്രതലത്തിൽ!

വാക്കുകളെന്താണിങ്ങനെ?
കാണാനാവും, പക്ഷേ മൂകം
കാണാനാവാത്തത്, കേൾക്കുന്നത്.

(മൊഴിമാറ്റം: മനോജ് കുറൂർ)

**ಹಾಡು**

ಹೀಗೆ,
ಹಾಳೆಯ ಮೇಲೆ
‘ಹಾಡು’
ಹಚೆಚ್ ಹೊಯದ್ ಚಿತಾತ್ರದ ಹಾಗೆ
ಹಾಡು
ಹಾಳೆಯಿ◌ಂದೆದುದ್ ಶಬದ್,

ಆದರ ಹಿಂದೊಂದು ಶಬದ್;
ಶಬದ್
ಶಬದ್ಗಳ
ಸರಣಿ
ಗಾಳಿಯಲಿ ತೇಲಿ ಬಿಟಟ್ರೆ........ಹಾಡು!

ಈಗ
ಹಾಳೆಯ ಮೇಲೆ
ಹಾಡು - ಶಬದ್
ಹಾಡು - ನಿಃಶಬದ್.

## ഗാനം

അങ്ങനെ,
ഒരു താളിൻമേലേ
'ഗാനം';
പച്ചകുത്തിയ ചിത്രംപോലെ
ഈ ഗാനം;
താളിൽനിന്നും വാക്കുകൾ ശബ്ദിക്കുന്നു,
ഒന്നൊന്നായി വാക്കുകൾ ശബ്ദിക്കുന്നു.
വാക്കുകളും ശബ്ദങ്ങളുമൊരു ചങ്ങലയായി
തെന്നലിലൊഴുകിനടക്കട്ടെ... അതാ ഗാനം!

ഇപ്പോൾ
ഈ താളിൻ മേലേ
ഗാനം-ശബ്ദം, ഗാനം നിശ്ശബ്ദം.

(മൊഴിമാറ്റം: മനോജ് കുറൂർ)

## ಮನೆ

ಈ ಮನೆಯಲ್ಲಿ ನಾನು ಒಬ್ಬಳೆ

ಆ ಕೋಣೆಯಲಿ ಕೂತು
ಈ ಕೋಣೆಯಲಿ ನಿಂತು
ಅಂಗಳದ ತುಂಬ ಆಡಾಡಿಕೊಂಡು
ಹೀಗೆ ಮನೆತುಂಬಾ ತುಂಬಿಕೊಂಡಿದ್ದೇನೆ.

ಅಡಿಗೆಮನೆಯಲಿ ಹಸಿವು

ಹಚ್ಚಿದರೆ ಒಲೆ,
ಧಗಧಗ ಉರಿದು ಕುದ್ದು ಬೆಂದು ಉಕ್ಕುತ್ತದೆ ತವಕ

ಶವರಿನಲಿ ಸಿಂಕಿನಲಿ ನಲ್ಲಿಗಳಲ್ಲಿ

ಸುರಿಯುವುದಕ್ಕೇ ಕಾದಿರುವ ನೀರು.
ನೆನಪುಗಳ ಜೀಕಿದರೆ
ಕಾಲದಾಚೆಗೂ ತೂಗು ಉಯ್ಯಾಲೆ

ಕಪಾಟಿನ ರಾಶಿ ಪುಸ್ತಕಗಳಲ್ಲಿ ಬರೀ ಅಕ್ಷರಗಳು

ಹೊರಚೆಲ್ಲದೆ ಕೂತಿವೆ ಹಾಗೇ ಹಾಳೆಗಂಟಿಕೊಂಡು
ನಿಃಶಬ್ದದಲ್ಲಿ ಏನೆಲ್ಲ ಶಬ್ದಗಳು.
ಇದೆಂಥ ಒಂಟಿತನ?
ಒಂಟಿಯಾಗಿರಲಿಕ್ಕೇ ಬಿಡದ್ದು?
ಬೆನ್ನಿಗಂಟಿದ ಮೌನ
ಹಾಡುತ್ತದೆ, ಮಾತಾಡುತ್ತದೆ,
ಕನಸನುಣಿಸುತ್ತದೆ,
ಸುಮ್ಮನೆ ಜೊತೆಗಿರುತ್ತದೆ.

ಮಲಗಿದರೆ ರಾತ್ರಿ ಎದ್ದರೆ ಹಗಲು

ಕಳೆದು ಹೋಗುವುದು ಹೊತ್ತು.

ಮನೆಯಲ್ಲಿ ನಾನು, ನನ್ನಲ್ಲೇಮನೆ

ಹರಡಿಕೊಂಡು ಒಂದರೊಳಗೊಂದು
ಗಡಿಯಿಲ್ಲ ತಡೆಯಿಲ್ಲ.
ಈ ಬದುಕ ಪ್ರೀತಿಸುವುದೇ ಹೀಗೆ,
ದಿನಕ್ಕೊಂದು ಹೆಜ್ಜೆ ಹಾಕುತ್ತ.

# ഈ വീട്ടിൽ

ഈ വീട്ടിൽ ഞാൻ തനിച്ച്,
ഈ മുറിയിലിരിക്കുന്നു
ആ മുറിയിൽ നില്ക്കുന്നു
അകത്തളത്തിൽ ചുറ്റി നടക്കുന്നു
അങ്ങനെ വീടാകെ നിറയുന്നു.

അടുക്കളയിൽ, വിശപ്പ്
അടുപ്പു കത്തിക്കുന്നു.
നാളങ്ങൾ മുകളിലേക്കുയരുന്നു.
സാധനങ്ങൾ തിളയ്ക്കുന്നു, വേവുന്നു
മോഹങ്ങൾ തുളുമ്പിപ്പരക്കുന്നു.

ഷവറുകളിൽ സിങ്കുകളിൽ ടാപ്പുകളിൽ
വെള്ളം പുറത്തേക്കൊഴുകാൻ വെമ്പിനില്ക്കുന്നു.
ഊയലാടുന്നോർമ്മകളിൽ അതിനൊപ്പം
ഊഞ്ഞാൽ കാലത്തിനപ്പുറമെത്തുന്നു.

അലമാരകളിൽ പുസ്തകക്കൂട്ടം,
മുഴുവനും വെറുമക്ഷരങ്ങൾ
അവയവിടിരിക്കുന്നു മിണ്ടാതെ,
താൾ കവിഞ്ഞുപോകാതെ.
നിശ്ശബ്ദതയിൽ, ഒരു വീടുനിറഞ്ഞു ശബ്ദങ്ങൾ!
അപ്പൊഴും, ഒറ്റയ്ക്കിരിക്കാൻ വിടാത്തൊരേകാന്തത.

പിന്നിൽ തട്ടിനില്ക്കുന്ന നിശ്ശബ്ദത
ആടിയുലഞ്ഞും പറഞ്ഞും
സ്വപ്നങ്ങളെയൂട്ടിയും
പിന്നെ വട്ടമിരിക്കുന്നു.

ഉറങ്ങുമ്പോൾ രാത്രിയെന്നും
ഉണരുമ്പോൾ പുലരിയെന്നും
സമയം സ്വയം നഷ്ടപ്പെടുന്നു.

*അയൽമൊഴികൾ*

ഞാനീ വീട്ടിൽ; വീടെന്റെയുള്ളിൽ
ഒന്നു മറ്റേതിൽ നിരന്തരം പടരുന്നു
നിർത്താതെ, തടവുകളില്ലാതെ
ജീവിതോത്സാഹപ്രദർശനം.

(മൊഴിമാറ്റം: മനോജ് കുറൂർ)



## മഞ്ജുനാഥ വി.

1976-ൽ കർണ്ണാടകയിലെ യെലഹങ്കയിൽ ജനനം. കന്നട യുവകവികളിൽ ശ്രദ്ധേയൻ. നാടകകാരനും ചിത്രകാരനുമാണ്. ഫാദർ 55 മട്ടു നീനാസം ഡയറിയ കവിതഗള്ള (2003), ലെവൽ ക്രോസിങ് (2004) എന്നീ കവിതാസമാഹാരങ്ങൾ, ക്രമി, കെംപുള്ളി എന്നീ നാടകങ്ങൾ, റോയൽ എൻഫീൽഡ് എന്ന നോവൽ—ഇവ മുഖ്യകൃതികൾ

ഗവേഷണം റിസർച്ച് ജേർണൽ
Volume 3 Issue 1


# ಇದಿದ್ಲು ಮಾರುವ ಹೆಂಗಸರು

ನನನ್ ತಾಯಿ ಕಡೆಯ ಸಂಬಂಧಿಕರಿವರು,
ಇದಿದ್ಲನಂತೆ ಕಗಗ್ತತ್ಲನುನ್ಗಿಯೆಬಲಲ್ ಮಹಾ ದರಿದರ್ರಂತಿದದ್ರು.

ಹೆಂಡದಾಸೆಗೆ ದಿನೆನ್ ಬಯಲಿನ ಪೊದೆಗಳಲಿಲ್
ಇಸಿಪ್ಟಾಡಲು ಬರುವ ಗಂಡಸರ ಜೊತೆ ಮಲಗೆದಿದ್ದದ್ನುನ್
ಎಷೊಟ್ೕ ಸಲ ನೋಡಿದೆದ್ೕನೆ.

ಒಂಟಿಗಿಡದ ಪನಿನ್ೕರ ಫಲಗಳು ದುರಾಶೆ ತುಂಬಿದ
ಅವರ ತೃಷೆಯನುನ್ ಹೋಗಲಾಡಿಸುತಿತ್ದದ್ವು.

ಊರೂರಲೆದು ಹೊತುತ್ ತಂದ ಇದಿದ್ಲನುನ್ ಸಂಜೆಗತತ್ಲೇರುತಿತ್ದದ್ಂತೆ
ಮಾರಿ, ಗಡಂಗು ಹೊಕುಕ್ಬಿಡುತಿತ್ದದ್ರು ತಾಟಗಿತಿತ್ಯರು.

ಅವರ ಸೊಂಟದ ಬದಿಯ ಕತಿತ್ಗಳು ವಾರಕೊಕ್ಮೆಮ್ಯಾದರೂ
ಕುಲುಮೆಗಾರನಲಿಲ್ಗೆ ಹೋಗಿ ಬರುತಿತ್ದದ್ದುದ್ ನೆನಪಾಗುತಿತ್ರುತತ್ದೆ.

# കൽക്കരി വിൽക്കുന്ന പെണ്ണുങ്ങൾ

ഇവരെന്റെ അമ്മവഴി ബന്ധുക്കൾ
മഹാ ദരിദ്രർ
കരിപോലെ രാത്രിയെ തുപ്പാൻ കഴിയുന്നോർ

കുറ്റിച്ചെടിപ്പരപ്പിനു പിന്നിൽ
കള്ളുകുടിക്കൊതി തീർക്കാൻ
മുച്ചീട്ടുകളിക്കാർക്കൊപ്പം ഉറങ്ങുന്ന
ഇവരെ വളരെക്കാലമായറിയാം എനിക്ക്

ഒറ്റച്ചാമ്പമരത്തിലെ കായ കൊണ്ട്
ഒടുങ്ങാത്ത ദാഹം തീർത്തിരുന്നവർ

നാടാകെയലഞ്ഞ്
പെറുക്കിക്കൂട്ടിയ കരിക്കഷണങ്ങൾ
വൈകിട്ട് വിറ്റഴിച്ച്
ആ തെറിച്ച പെണ്ണുങ്ങൾ കയറിച്ചെല്ലും
കള്ളുഷാപ്പിലേക്ക്

ഓർക്കുന്നു ഞാനിപ്പോഴും
അവരുടെ അരയിലെ അരിവാളുകൾ
ആഴ്ചയിലൊരിക്കൽ
കൊല്ലന്റെ ആലയിൽ പോയ് വരാറുള്ളത്

(മൊഴിമാറ്റം: ഉമാ രാജീവ്)

ಧಾಯ್ನಿಸಬಹುದಾದ ದೇವರು

ಆ ದೇವರು ನಮಮ್ನುನ್ ಧಾಯ್ನಿಸುಮದಿಲಲ್;
ನಮಮ್ ಆತಮ್ ನಿವೇದನೆಗಳು ಪುಟಿದೇಳುವಾಗ ಸವ್ತಃ ನಾವೇ
ಒತತ್ಡಕಿಕ್ಡಾಗುತೆತ್ೕವೆ.

ಸದಾಕಾಲ ಮೊಜಿನೊಂದಿಗೆ ಬದುಕುವ ಜನ
ಸಾಂತವ್ನ ಹೇಳಲು ಬರುತಾತ್ರೆ;
ನೂರನೆಯ ಸಲ ನಾಮು ಸಾಯಲು ಸಿದಧ್ರಾಗಬೇಕಾಗುತತ್ದೆ.

ತುಟಿಗಳಿಂದ ರಕತ್ ಹನಿಸುತೆತ್ೕವೆ;
ಅವರು ಬಾರ್ಂಡಿಯ ಜಿಗುಟುತನದಿಂದ ನಮಮ್ನುನ್ ಧೃತಿಗೆಡಿಸುತಾತ್ರೆ.

ನಾಮು ನದಿಯಂತೆ ಹರಿದೋಗುವ ಮಂದಿ
ಆದರೆ, ಪಾಥರ್ನಿಯಮ್ ಜಾತಿಯ ಇತರೆ ಸಸಯ್ಗಳಂತೆ

ಮರುಹುಟುಟ್ ಪಡೆಯುತಿತ್ರುತೆತ್ೕವೆ- ಹಳೆ ವಾಸನೆಯೊಂದಿಗೆ.

# പ്രാർത്ഥിക്കാൻ കഴിയുന്ന ദൈവം

ആ ദൈവം നമ്മളെ ധ്യാനിക്കുകയില്ല
നമ്മുടെ ആത്മനിവേദനങ്ങൾ പൊട്ടിപ്പുറപ്പെടേക്കും
നമ്മൾ സമ്മർദ്ദത്തിലാവുന്നു

അവർ എല്ലായ്പ്പോഴും ആശ്വസിപ്പിക്കാനെത്തുന്നു
ആഡംബരജീവിതം നയിക്കുന്നവർ
നമ്മൾ മരിക്കാനൊരുങ്ങണം
ഒരു നൂറു തവണ
നമ്മുടെ ചുണ്ടിൽനിന്നും ചോരയിറ്റിക്കുന്നു
അവർ കടുംബ്രാണ്ടികൊണ്ട് നമ്മളെ വഴി തെറ്റിക്കുന്നു

നമ്മൾ നദിപോൽ ഒഴുകുന്നവർ
എന്നാൽ വീണ്ടും വീണ്ടും ഉയിർത്തെഴുന്നേൽക്കുന്നു
പഴയ മണത്തോടെ
പാർത്തീനിയം പോലത്തെ
പാഴ്ച്ചെടികളായി.

(മൊഴിമാറ്റം ഉമാ രാജീവ്)

## ಅಪಪ್ನ ಸೈಕಲ್

ಅ

ದು ಈಗಲೂ ಸರಾಗವಾಗಿ ಚಲಿಸುತತ್ದೆ
ಜಲಿಲ್ ಕಲುಲ್ಗಳ ಉಬುಬ್ತಗಿಗ್ನ ರಸೆತ್ಗಳ ಮೇಲೆ.
ಅವನು ಓಡಾಡಿಸಿದ ಜಾಡನುನ್ ಹಿಡಿಯುವಾಗ
ಅದು ದುಃಖಿಸುಮದನುನ್ ನೀಮ ನೋಡಬೇಕು;
ಒಂದು ಗಳಿಗೆ ನೀವೂ ನಕುಕ್ ಅಳದೆ ಇರಲಾರಿರಿ.
ಕಣಿಣ್ಲಲ್ದ ಹೆಳವನೊಬಬ್ ಮುಗಗ್ರಿಸಿ ಬಿದದ್ಂತೆ ಗುಂಡಿಗೇ
ಹೋಗಿ ಬೀಳುತತ್ದೆ.
ಅವನ ಗೆಳೆಯರು ಬಾರ್ಂಡಿ, ಗೇರುಹಣುಣ್, ಸಪೋಟ ಹಣಿಣ್ನ ವಾಸನೆ
ಹೊಡೆಯುವ ಅವೇ ಉಡುಪುಗಳಲಿಲ್ ದುಡಿಯುತಿತ್ರುಮದನುನ್
ಕಷ್ಣ ನಿಂತು ನೋಡುತತ್ದೆ.
ತಾನೀಗ ಸಂಪೂರ್ಣ ಬೆತತ್ಲೆ, ಅನಾಥನೆನಿಸಿಕೊಂಡೇನೊ
ಮೂಲೆಗೆ ವಾಲಿಕೊಂಡು ಹಳೆ ಘಟನಾವಳಿಗಳನುನ್ ತನನ್ ಮೈಮೇಲೆ
ಎಳೆದುಕೊಳುಳ್ತಿತ್ರುತತ್ದೆ ಸಾಯದ ಮುದುಕನಂತೆ.

# അപ്പന്റെ സൈക്കിൾ

ഇപ്പോഴുമത്
കുണ്ടും കുഴിയും നിറഞ്ഞ കരിങ്കൽപ്പാതയിലൂടെ
നന്നായ് ഓടുന്നു

അപ്പൻ ഓടിച്ചിരുന്ന വഴികളിലൂടെ പോയാൽ
അതനുഭവിച്ചുതീർത്ത യാതനകൾ കാണാനാവും
ഒരുനിമിഷത്തേക്ക്, നിങ്ങൾക്ക് ചിരിക്കാതിരിക്കാനാവില്ല
കരയാതിരിക്കാനാവും

അന്ധനെപ്പോലെ ഇടറി അത്
കുഴിയിലേക്കു വീഴുന്നു
ഒരുനിമിഷം ഒന്നു നിൽക്കുന്നു,
നോക്കുന്നു
അതേ ഉടുപ്പിട്ട്, ബ്രാണ്ടിയും കശുമാങ്ങയും
സപ്പോട്ടയും മണക്കുന്ന അച്ഛന്റെ കൂട്ടുകാരെ

ഇന്നിപ്പോൾ നഗ്നനായി, അനാഥനായി
കഴിഞ്ഞ കാലങ്ങളെ ഉരുട്ടിക്കൊണ്ട് മൂലയിൽ
മരണമെത്താത്ത ഒരു വയസ്സനെപ്പോലെ.

(മൊഴിമാറ്റം: ഉമാ രാജീവ്)



# വി.ആർ. കാർപെന്റർ

കന്നടയിലെ ശ്രദ്ധേയനായ യുവകവി. ജനനം1981-ൽ. ബാംഗ്ലൂർ യെലഹങ്ക സ്വദേശം. സിഗ്നൽ ടവർ, ഐതനേ ഗോഡയാ ചിത്രഗളു, കാർപെന്റർ പദ്യഗളു, അശ്ലീല കന്നടി എന്നിവ കവിതാസമാഹാരങ്ങൾ. കൂടാതെ രണ്ടു നോവലും ഒരു ചെറുകഥാസമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നവിലോ എന്ന ലിറ്റിൽ മാഗസിന്റെ എഡിറ്റർ കൂടിയാണ്.

## ಖಡಗ್ ಪುರಾಣ

ಇರುವೆಯ ಕುತಿತ್ಗೆಯನುನ್
ಕತತ್ರಿಸುವ ಒಂದು ಖಡಗ್ವನುನ್
ಮಾರುಕಟೆಟ್ಯಿಂದ ಕೊಂಡುತಂದೆ

ಅದು ದಿನದಿಂದ ದಿನಕೆಕ್ ಲಂಭ
ವಾಗಿ, ಉದದ್
ವಾಗಿ, ಮಿಂಚಿನ ವೇಗ
ವನುನ್, ರೂಢಿಸಿ
ಕೊಂಡು, ಇರುವೆಗಳ ಕೊಲುಲ್ತಿತ್ತುತ್

ಅದು ಕೇವಲ ಕುತಿತ್ಗೆಯನನ್ಲಲ್ದೆ,
ಕಿಮಡು ಕಿವಿಯನುನ್, ಕುರುಡು ಕಣಣ್ನುನ್
ಮೊಟು ಕೈಗಳನುನ್, ಕುಂಟು ಕಾಲು,
ಕರುಳು ಸುತಿತ್ಕೊಂಡ ಹೊಟೆಟ್ಯನುನ್,
ಹಿಮುಮ್ಖವಾಗಿ ಚಲಿಸುವ ರಕತ್ನಾಳವನುನ್,
ಎಲೆಲ್ಂದರಲಿಲ್ ಬಗುಗ್ವ ನಡುವನುನ್,
ಹೀಗೆ... ಹೀಗೆ... ಅದರ ಕೊಲುಲ್ವ
ಪಟಿಟ್ ಬೆಳೆಸುತತ್ಲೇ ಇತುತ್

ಉಪಿಪ್ನ ಮೂಟೆಯಲಿಲ್ಟುಟ್
ಕೊಳೆಸಲು ನೋಡಿದೆ,
ಹಸಿದ ಹಬುಬ್ಲಿಯ ಪಂಜರಕಿಕ್ಟೆಟ್,
ವಿಷ ಜಂತುಗಳ ಕೂಪಕೆಕ್ ತಳಿಳ್ದೆ
ಯಾಮದಕೂಕ್ ಬಗಗ್ದ ಅದು
'ನಿನನ್ ಇರಮುಗಳನುನ್ ಕೊಲಲ್ದೆ,
ನನನ್ ಮೊಂಡುತನ ಕಳೆದುಕೊಳಳ್ಲಾರೆ'
ಎಂದು ನಕಿಕ್ತು

# ഖഡ്ഗപുരാണം

ഉറുമ്പിന്റെ
കഴുത്തരിയാനായി
ചന്തയിൽനിന്നൊരു വാൾ വാങ്ങിവന്നു

അത്
ദിവസേന
ഉയരങ്ങളും
പരപ്പുകളും
മിന്നൽവേഗത്തോടെ
ശീലിച്ച്
ഉറുമ്പുകളെ കൊന്നുകൊണ്ടിരുന്നു

കഴുത്തിനു പുറമേ
ബധിരകർണ്ണങ്ങളെ
അന്ധനയനങ്ങളെ
കുറിയ കൈകളെ
